KERALA
STARTUP MISSION®

കേരള സ്റ്റാർട്ടപ്പ് മിഷൻ

# വനിതകൾക്കുള്ള
# സംരംഭക പദ്ധതികൾ



# ആമുഖം

നൂതന സാങ്കേതികവിദ്യാ വികസനവും അതുവഴി സംരംഭകരാകുന്നവർക്ക് മികച്ച സ്റ്റാർട്ടപ്പ് സംസ്കാരം രൂപപ്പെടുത്തുന്നതിനും സംസ്ഥാനത്തെ ചടുലമായ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ കെട്ടിപ്പെടുക്കുന്നതിനും കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖ്യപങ്കാണ് വഹിക്കുന്നത്. എല്ലാവരെയും ഉൾക്കൊണ്ടുള്ള സമീപനമാണ് കെ.എസ്.യു.എം എന്നും മുന്നോട്ടുവെച്ചിട്ടുള്ളത്. സ്ത്രീകൾ, ഭിന്നലിംഗക്കാർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, പ്രാദേശിക സംരംഭകർ തുടങ്ങി എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതാണ് കെ.എസ്.യു.എമ്മിന്റെ സമീപനം. വനിത സ്റ്റാർട്ടപ്പ് സ്ഥാപകരെ പ്രോത്സാഹിപ്പിക്കുക, അവർക്ക് സംരംഭകത്വ വിജ്ഞാനം പകർന്നു നൽകുക, സംരംഭങ്ങൾ തുടങ്ങുന്നതിനു വേണ്ടിയുള്ള സഹായങ്ങൾ ചെയ്യുക എന്നിവയിലൂടെ സ്റ്റാർട്ട് മിഷൻ വനിതാ സംരംഭക ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തുകയാണ് ചെയ്തുവരുന്നത്.

വനിത സ്റ്റാർട്ടപ്പ് സംരംഭകർക്ക് ആവശ്യമായ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടാണ് കെ.എസ്.യു.എം സ്കീം ഹാൻഡ് ബുക്ക് പുറത്തിറക്കുന്നത്. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ വനിതാ സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന സഹായങ്ങൾ, വിവിധ പദ്ധതികൾ എന്നിവയെല്ലാം ഇതിൽ വിശദമായി പ്രതിപാദിക്കുന്നു. പുതിയ സംരംഭം തുടങ്ങുന്നതിനും അത് വിജയകരമായി കെട്ടിപ്പടുത്തുന്നതിനും കെ.എസ്.യു.എമ്മിന്റെ സ്കീം ഹാൻഡ് ബുക്ക് വനിതാ സംരംഭകർക്ക് നിസ്സീമമായ സാധ്യതയും പിന്തുണയും നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഉള്ളടക്കം


**1.സംസ്ഥാന സർക്കാർ പദ്ധതികൾ** **4**
1.1 കേരള സ്റ്റാർട്ടപ്പ് മിഷൻ 4
1.2. DICയുടെ കീഴിലുള്ള പദ്ധതികൾ 22
1.3. തദ്ദേശ സ്വയംഭരണ വകുപ്പ് 26
1.4. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 30
1.5. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 33
1.6. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ 34
**2. ദേശീയ പദ്ധതികൾ** **35**
2.1 എംഎസ്എംഇക്ക് കീഴിലെ പദ്ധതികൾ 35
2.2. ദേശീയ പിന്നാക്ക ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) 45
2.3. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം 45
2.4. സിഡ്ബി (SIDBI) 46
2.5. കേന്ദ്ര സർക്കാരിന്റെ വനിതാ ശിശു വികസന മന്ത്രാലയം 46
2.6. ധനകാര്യ മന്ത്രാലയം - ധനകാര്യ സേവന വകുപ്പ് 47
2.7. ന്യൂനപക്ഷകാര്യ മന്ത്രാലയം 47
2.8. BIRAC-ന്റെ ബയോ-ഇഗ്നിഷൻ ഗ്രാന്റ് 47
2.9. സ്റ്റാൻഡപ്പ് ഇന്ത്യ പദ്ധതി 49
**3. ബാങ്കിങ് മേഖലയിലെ പദ്ധതികൾ** **50**
3.1. പഞ്ചാബ് നാഷണൽ ബാങ്കും ധനകാര്യ മന്ത്രാലയവും 50
3.2. ദേന ബാങ്ക് 50
3.3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 51
3.4. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ 51
**4. മറ്റ് പദ്ധതികൾ** **52**
4.1. സെയിൽസ് ഫോഴ്സ് 52
4.2. നാസ്കോം ഫൗണ്ടേഷൻ 52
4.3. ടൈ (TiE) 53
4.4. വുമൺ എൻട്രപ്രണർ നെറ്റ്വർക്ക് (WEN) 54

# 1.സംസ്ഥാന സർക്കാർ പദ്ധതികൾ

## 1.1 കേരള സ്റ്റാർട്ടപ്പ് മിഷൻ

**വനിതകൾക്കുള്ള സാമ്പത്തിക പദ്ധതികൾ ഒറ്റ നോട്ടത്തിൽ**

| ഘട്ടം | പദ്ധതികൾ | പരിധി |
|---|---|---|
| ആശയം | ഐഡിയ ഗ്രാൻറ് (വിദ്യാർത്ഥികൾ) | 2 ലക്ഷം രൂപ വരെ |
| | ഐഡിയ ഗ്രാൻറ് (സ്റ്റാർട്ടപ്പുകൾ) | 3 ലക്ഷം രൂപ വരെ |
| | പേറ്റന്റ് സപ്പോർട്ട് സ്കീം (വിദ്യാർത്ഥികൾ) | 2 ലക്ഷം രൂപ വരെ (ദേശീയം)<br>10 ലക്ഷം രൂപ വരെ (അന്താരാഷ്ട്രം) |
| ഉൽപ്പന്ന ഘട്ടം | പ്രോഡക്റ്റൈസേഷൻ ഗ്രാന്റ് | 7 ലക്ഷം രൂപ വരെ |
| | സ്ത്രീകൾക്കുള്ള പ്രോഡക്റ്റൈസേഷൻ ഗ്രാന്റ് | പ്രോഡക്റ്റൈസേഷൻ ഗ്രാന്റിന് പുറമെ 5 ലക്ഷം രൂപ(12 ലക്ഷം രൂപ വരെ) |
| | നിധി പ്രയാസ് ഗ്രാന്റ് (Electronics/ Hardware) | 10 ലക്ഷം രൂപ വരെ |
| | പേറ്റന്റ് റീഇംബേഴ്സ്മെന്റ് സ്കീം (എല്ലാ വിഭാഗത്തിനും) | 2 ലക്ഷം രൂപ വരെ (ദേശീയം)<br>10 ലക്ഷം രൂപ വരെ (അന്താരാഷ്ട്രം) |
| മാർക്കറ്റ് | മാർക്കറ്റ് ആക്സസ് ഗ്രാന്റ് | 3 ലക്ഷം രൂപ വരെ |

| | | |
|---|---|---|
| ആക്സിലറേഷൻ | സ്റ്റാർട്ടപ്പ് സീഡ് ലോൺ - കേരള സർക്കാർ | 15 ലക്ഷം രൂപ വരെ |
| സ്കെയിലപ്പ് | സ്കെയിൽ അപ്പ് ഗ്രാന്റ് | 5 ലക്ഷം രൂപ വരെ |
| | ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലെയ്സ് | സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾ വാങ്ങുക വഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കൽ |
| | വനിതാ സംരംഭകർക്ക് സർക്കാർ വകുപ്പുകളിൽ നിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള പർച്ചേസ് ഓർഡറിന്മേലുള്ള വായ്പ | 15 ലക്ഷം രൂപ വരെ |
| | നിധി സീഡ് സപ്പോർട്ട് സ്കീം | 50 ലക്ഷം രൂപ വരെ |
| ഗവേഷണ വികസനം | R & D ഗ്രാൻറ് | 30 ലക്ഷം രൂപ വരെ |
| | ടെക്നോളജി ട്രാൻസ്ഫർ & കൊമേർഷ്യലൈസേഷൻ സ്കീം | 10 ലക്ഷം രൂപ വരെ |

## സാമ്പത്തിക സഹായവും യോഗ്യതയും

| **വിവിധ ഗ്രാന്റുകൾ** | |
|---|---|
| **ഐഡിയ ഗ്രാന്റ് (വിദ്യാർത്ഥികൾ)** | ആശയ രൂപീകരണത്തിനും ഉൽപ്പന്ന മാതൃക വികസിപ്പിക്കുന്നതിനുമായി വിദ്യാർത്ഥികൾക്ക് **2 ലക്ഷം രൂപ** വരെ നൽകുന്ന ഐഡിയ ഗ്രാന്റ്. |

| | |
|---|---|
| **ഐഡിയ ഗ്രാന്റ് (സ്റ്റാർട്ടപ്പുകൾ)** | ആശയ രൂപീകരണത്തിനും ഉൽപ്പന്ന മാതൃക വികസിപ്പിക്കുന്നതിനുമായി വിദ്യാർത്ഥികൾക്ക് **3 ലക്ഷം രൂപ** വരെ നൽകുന്ന ഐഡിയ ഗ്രാന്റ്. |
| **പ്രോഡക്ടൈസേഷൻ ഗ്രാന്റ്** | ഉൽപ്പന്ന മാതൃക തയ്യാറാക്കിയ സ്റ്റാർട്ടപ്പുകൾക്ക് അന്തിമ ഉൽപ്പന്നമാക്കി മാറ്റുന്നതിനായി **4 ലക്ഷം രൂപ വരെ** ഗ്രാന്റ് ലഭിക്കും. ഐഡിയ ഗ്രാന്റ് ലഭിക്കാത്ത സ്റ്റാർട്ടപ്പുകൾക്ക് ഈ ഘട്ടത്തിൽ ഐഡിയ ഗ്രാന്റ് ഉൾപ്പെടെ **പരമാവധി 7 ലക്ഷം രൂപ**യുടെ ഗ്രാന്റിന് അർഹതയുണ്ട്. |
| **വനിത/ ട്രാൻസ്ജെൻഡർ പ്രോഡക്ടൈസേഷൻ ഗ്രാന്റ്** | വനിത/ ട്രാൻസ്ജെൻഡർ സംരംഭകർക്ക് പ്രോഡക്ടൈസേഷൻ ഗ്രാന്റിന് പുറമേ **5 ലക്ഷം രൂപ** അധികം ലഭ്യമാക്കും. ഐഡിയ ഗ്രാന്റും പ്രൊഡക്ടൈസേഷൻ ഗ്രാന്റും ലഭിക്കാത്ത സ്ത്രീകൾ / ട്രാൻസ്ജെൻഡർ സ്റ്റാർട്ടപ്പുകൾക്ക് **പരമാവധി 12 ലക്ഷം രൂപ** ഗ്രാന്റിന് അർഹതയുണ്ട്. |
| **മാർക്കറ്റ് ആക്സിലറേഷ ഗ്രാന്റ്** | ഉൽപ്പന്നങ്ങളെ വിപണിയിലെത്തിക്കുന്ന ഘട്ടത്തിൽ **3 ലക്ഷം രൂപ** വരെയുള്ള മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് ലഭ്യമാണ്. (ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ് എന്നിവ ലഭിക്കാത്തവർക്ക് **10 ലക്ഷം രൂപ വരെ** ലഭിക്കാൻ അർഹരായിരിക്കും). ട്രാൻസ്ജെൻഡർ സ്റ്റാർട്ടപ്പുകൾക്കും മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റിന് അർഹതയുണ്ട്. |
| **സ്കെയിലപ്പ് ഗ്രാന്റ്** | കമ്പനി വളർന്ന് പൂർണ്ണതോതിലുള്ള സംരംഭമായി മാറുന്ന ഘട്ടത്തിൽ വിപണി വിപുലീകരണത്തിന് **5 ലക്ഷം രൂപ വരെ** സ്കെയിലപ്പ് ഗ്രാന്റ് ലഭ്യമാണ്. (ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ് മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് എന്നിവ ലഭിക്കാത്തവർക്ക് **15 ലക്ഷം രൂപ വരെ**യുള്ള ഗ്രാന്റിന് അർഹതയുണ്ട്). |

| | |
|---|---|
| | സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ സ്റ്റാർട്ടപ്പുകൾക്കും സ്കെയിൽ-അപ് ഗ്രാന്റിനും അർഹതയുണ്ട്. |
| **ഗവേഷണ വികസന ഗ്രാന്റ് (സ്റ്റാർട്ടപ് റിസേർച്ച് ഗ്രാന്റ്)** | വിപുലമായ ഗവേഷണ വികസനത്തിലൂടെ ഉരുത്തിരിഞ്ഞ് വരുന്ന ഉൽപ്പന്ന മാതൃക സ്റ്റാർട്ടപ് ആക്കിമാറ്റുന്നതിന് ഹാർഡ്‌വെയർ അല്ലെങ്കിൽ ഡീപ് ടെക് മേഖലയിൽ നിന്നുള്ളവർക്ക് **30 ലക്ഷം രൂപ വരെ** ഗ്രാന്റ് നൽകും. |

### 1.1.1. ഇന്നവേഷൻ ഗ്രാന്റ്

സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും നൂതന ആശയങ്ങൾ സംരംഭങ്ങളാക്കി മാറ്റുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് ഇന്നവേഷൻ ഗ്രാന്റ്. സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ് മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്. ആശയത്തെ ഉൽപ്പന്ന മാതൃക ആക്കി മാറ്റുന്നതിന് ഐഡിയ ഗ്രാന്റ്, ഉൽപ്പന്നമാക്കി വികസിപ്പിക്കുന്നതിന് പ്രോഡക്റ്റൈസേഷൻ ഗ്രാന്റ്, ഉൽപ്പന്നം വിപണിയിലെത്തിക്കുന്നതിന് മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ്, സമ്പൂർണ്ണ വളർച്ചയിലെത്തുന്നതിന് സ്കെയിലപ് ഗ്രാന്റ് എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലാണ് ഇന്നവേഷൻ ഗ്രാന്റ് നൽകുക. ഇത്തരം സാമ്പത്തിക സഹായങ്ങൾക്കായി അപേക്ഷിക്കുമ്പോൾ ഫണ്ട് ഏത് രീതിയിൽ വിനിയോഗിക്കണമെന്ന് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. ഗ്രാന്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**യോഗ്യത:**

- ഇന്ത്യയിൽ എവിടെ നിന്നുമുള്ള ഒരാൾക്ക് ഐഡിയ ഗ്രാന്റിന് അപേക്ഷിക്കാം. തിരഞ്ഞെടുത്തവർക്ക് ഗ്രാന്റ് (ഫണ്ട്) കൈമാറണമെങ്കിൽ കേരളത്തിൽ കമ്പനി രജിസ്റ്റർ ചെയ്ത് സ്റ്റാർട്ടപ് മിഷന്റെ യുണീക്ക് ഐഡി ലഭിച്ചിരിക്കണം.
- ഇന്നവേഷൻ ഗ്രാന്റിന് കീഴിലെ മറ്റ് ഗ്രാന്റുകൾക്ക് അപേക്ഷിക്കണമെങ്കിൽ സ്റ്റാർട്ടപ് കമ്പനി രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ പൂർത്തിയാക്കി KSUM യുണീക് ഐഡി സർട്ടിഫിക്കേഷൻ ലഭിച്ചിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക്:** https://grants.startupmission.in/, **grants@startupmission.in**

### 1.1.2. പേറ്റന്റ് സപ്പോർട്ട് സ്കീം

സ്റ്റാർട്ടപ്പുകൾക്കും വിദ്യാർത്ഥി സംരംഭകർക്കും പേറ്റന്റ് നേടാൻ പിന്തുണ നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് പേറ്റന്റ് സപ്പോർട്ട് സ്കീം. പദ്ധതി വഴി സ്റ്റാർട്ടപ്പ്, വിദ്യാർത്ഥി സംരംഭകർക്ക് കൺസൾട്ടേഷൻ ഫീസ് ഉൾപ്പെടെയുള്ള പേറ്റന്റ് ചെലവ് തിരികെ നൽകുന്നു. വിദേശ പേറ്റന്റുകൾ നേടുന്നവർക്ക് 10 ലക്ഷം രൂപ വരെ തിരികെ ലഭിക്കും. ഫയലിങ്, പ്രോസിക്യൂഷൻ, പേറ്റന്റ് കരസ്ഥമാക്കൽ എന്നീ 3 ഘട്ടങ്ങളിലായാണ് റീഇംബേഴ്സ്മെന്റ് ലഭിക്കുക.

**സാമ്പത്തിക സഹായം**

- ദേശീയ പേറ്റന്റുകൾ: ഒരു പേറ്റന്റിന് 2 ലക്ഷം രൂപ വരെ.
- അന്താരാഷ്ട്ര പേറ്റന്റുകൾ: ഒരു പേറ്റന്റിന് 10 ലക്ഷം രൂപ വരെ (ഒരൊറ്റ വിഷയത്തിന്).
- ഫയലിംഗ്, പ്രോസിക്യൂഷൻ, അവാർഡ് എന്നിങ്ങനെ 3 ഘട്ടങ്ങളിലായാണ് റീഇംബേഴ്സ്മെന്റ് വിതരണം ചെയ്യുന്നത്.

* *പേറ്റന്റ് പുതുക്കൽ അല്ലെങ്കിൽ അപ്പീൽ അതോറിറ്റി നിരസിക്കൽ എന്നിവ ഉൾപ്പെടുന്നില്ല.*

**യോഗ്യത**

- പ്രൈവറ്റ് ലിമിറ്റഡ് അല്ലെങ്കിൽ എൽഎൽപിയായി രജിസ്റ്റർ ചെയ്ത സ്ഥാപനമായിരിക്കണം സ്റ്റാർട്ടപ്പ്.
- കേരളത്തിൽ രജിസ്റ്റർ ചെയ്ത 10 വർഷം കഴിയാത്ത സ്റ്റാർട്ടപ്പ് ആയിരിക്കണം, കൂടാതെ ഡിഐപിപി, ഉദ്യോഗ് ആധാർ എന്നിവ ഉണ്ടായിരിക്കണം
- വിദ്യാർത്ഥി സംരംഭകർക്ക് ഐഇഡിസി വഴി നേരിട്ട് അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക്:**

https://startupmission.kerala.gov.in/schemes/patent-support, patent@startupmission.in

### 1.1.3. നിധി- പ്രയാസ് ഗ്രാന്റ്

ഹാർഡ് വെയർ മേഖലയിൽ നൂതന ആശയങ്ങൾ കൈമുതലായവർക്കുള്ള ധനസഹായം നൽകുന്ന പദ്ധതിയാണ് നിധി പ്രയാസ്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് നിധി പ്രയാസ് പദ്ധതി നടപ്പാക്കി വരുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷനിലെ പ്രയാസ് കേന്ദ്രം വഴി നടത്തുന്ന പ്രയാസ് പിച്ച് വീക്കിലൂടെയാണ് അപേക്ഷിക്കേണ്ടത്.

പദ്ധതി നിർവഹണ കേന്ദ്രം വഴിയാണ് ഗ്രാന്റ് ലഭിച്ച ആശയങ്ങളുടെ ഉൽപ്പന്ന മാതൃക തയ്യാറാക്കുന്നത്. നൂതനാശയങ്ങളുള്ള യുവാക്കൾക്ക് സധൈര്യം സ്വന്തം ആശയങ്ങളുമായി മുന്നോട്ടു പോകാൻ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇലക്ട്രോണിക്സ് ഹാർഡ് വെയർ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് മുൻഗണന. സാങ്കേതിക പരിജ്ഞാനം, ആശയത്തിലെ വ്യക്തത എന്നിവ ആവശ്യമാണ്. ഗ്രാന്റ് ലഭിച്ച് ഒന്നര വർഷത്തിനുള്ളിൽ ഉൽപ്പന്ന മാതൃക തയ്യാറാക്കണം. യുവ സംരംഭകർക്ക് https://startupmission.kerala.gov.in/nidhiprayaas എന്ന വെബ് സൈറ്റിലൂടെ അപേക്ഷിക്കാം. ശാസ്ത്ര-സാങ്കേതിക മേഖലയിൽ അധിഷ്ഠിതമായ സ്റ്റാർട്ടപ്പുകളോ ഉൽപ്പന്ന മാതൃകയോ സ്വന്തമായുള്ള 18 വയസ് കഴിഞ്ഞ ഇന്ത്യൻ പൗരന്മാർക്കാണ് അപേക്ഷിക്കാം.

**സാമ്പത്തിക സഹായം**

- പരമാവധി ധനസഹായം: ഒരു പ്രോജക്റ്റിന് 10 ലക്ഷം രൂപ വരെ.
- പദ്ധതി കാലാവധി: 18 മാസം.

**യോഗ്യത:**

- 18 വയസ്സിന് മുകളിലുള്ള ഏതൊരാൾക്കും നിധിപ്രയാസ് ഗ്രാന്റിന് അപേക്ഷിക്കാം.
- സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളായിരിക്കും ഗ്രാന്റിന് പരിഗണിക്കുക.
- വാണിജ്യ സാധ്യതയുണ്ടായിരിക്കണം.
- ഗ്രാന്റ് ലഭിച്ച് 18 മാസത്തിനുള്ളിൽ ഉൽപ്പന്ന മാതൃക പൂർത്തിയാക്കണം.

**കൂടുതൽ വിവരങ്ങൾക്ക്:** https://startupmission.kerala.gov.in/nidhiprayaas , **nidhiprayas@startupmission.in**

### 1.1.4. നിധി സീഡ് സപ്പോർട്ട് സ്കീം (ലോൺ)

സാങ്കേതികവിദ്യയിലധിഷ്ഠിതമായ സ്റ്റാർട്ടപ്പുകൾക്ക് പ്രാരംഭ ഘട്ടങ്ങളിൽ സാമ്പത്തിക സഹായമായി NSTEDB, DST, കേന്ദ്ര സർക്കാർ എന്നിവരുടെ സംയുക്ത പദ്ധതിയാണ് നിധി - സീഡ് സപ്പോർട്ട് (എസ്എസ്) പ്രോഗ്രാം. നൂതനാശയങ്ങളുള്ള യുവാക്കളുടെ ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ സവിശേഷത. ആശയ രൂപീകരണം, ഉൽപ്പന്ന മാതൃക തയ്യാറാക്കൽ, ഉൽപ്പന്ന പരീക്ഷണങ്ങൾ, വിപണി പ്രവേശനം, വാണിജ്യവൽക്കരണം എന്നിവക്കായി സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക

സഹായം വാഗ്ദാനം ചെയ്യുന്നതിലാണ് നിധി സീഡ് സപ്പോർട്ട് പ്രോഗ്രാം (നിധി-എസ്എസ്പി) ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

**സാമ്പത്തിക സഹായം**

- ശരാശരി ഫണ്ടിങ്: ഒരു സ്റ്റാർട്ടപ്പിന് 25 ലക്ഷം മുതൽ 1 കോടി രൂപ വരെ.
- പലിശ നിരക്ക്: നിലവിലെ റിപ്പോ നിരക്കിന് ആനുപാതികം.

**യോഗ്യത:**

- അപേക്ഷകർ ഇന്ത്യയിൽ നിന്നുള്ള ഡിപിഐഐടി രജിസ്റ്റേർഡ് സ്റ്റാർട്ടപ്പായിരിക്കണം, കൂടാതെ റെസിഡന്റ് , വെർച്വൽ ഇൻകുബേഷൻ പ്രോഗ്രാമിൽ കുറഞ്ഞത് 3 മാസം പൂർത്തിയാക്കിയിരിക്കണം.
- ഉപഭോക്തൃ മൂല്യനിർണ്ണയം, ഉൽപ്പന്നത്തിന്റെ മൂല്യം, യുണീക്ക് സെല്ലിംഗ് പ്രൊപ്പോസിഷൻ (USP) എന്നിവ സംബന്ധിച്ച് വ്യക്തത ഉണ്ടാകണം.
- ബഹുരാഷ്ട്ര, വിദേശ കമ്പനികളുടെ ഇന്ത്യൻ പതിപ്പുകൾക്ക് അപേക്ഷിക്കാൻ കഴിയില്ല. വ്യവസായികമായി ഇന്ത്യയിലെ വിദേശ പൗരന്മാർ (Overseas Citizens of India- OCI), ഇന്ത്യൻ വംശജർ (Persons of Indian Origin - PIO ) എന്നിവർക്ക് അപേക്ഷിക്കാം.
- ഇൻകുബേറ്റഡ് സ്റ്റാർട്ടപ്പിൽ ഇന്ത്യൻ പ്രൊമോട്ടർമാരുടെ ഓഹരി പങ്കാളിത്തം കുറഞ്ഞത് 51% ആയിരിക്കണം.
- ഏതെങ്കിലും കേന്ദ്ര സർക്കാർ / സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കാത്ത സ്റ്റാർട്ടപ്പുകൾക്ക് മുൻഗണന ലഭിക്കും.

**കൂടുതൽ വിവരങ്ങൾക്ക്:** https://startupmission.kerala.gov.in/pages/nidhi-seed-support

### 1.1.5. വനിതാ സംരംഭകർക്കുള്ള സീഡ് ഫണ്ട്

നൂതനവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ രൂപീകരണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയാണ് വനിതാ സംരംഭകർക്കുള്ള സീഡ് ഫണ്ട്. സ്റ്റാർട്ടപ്പുകളുടെ വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വരുമാന വർധന എന്നിവ വഴി കേരള സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മൊറട്ടോറിയം കാലാവധി രണ്ട് വർഷം വരെയാണ് എന്നതും പദ്ധതിയുടെ സവിശേഷതയാണ്. പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്ക് 15 ലക്ഷം രൂപ വരെ സീഡ് ഫണ്ട് നൽകുന്നു.

**സാമ്പത്തിക സഹായം**

- വായ്പ: 15 ലക്ഷം രൂപ വരെ.
- പലിശ നിരക്ക്: പ്രതിവർഷം 6%.
- മൊറട്ടോറിയം കാലാവധി: 2 വർഷം
- തിരിച്ചടവ് കാലാവധി: 3 വർഷം

**യോഗ്യത :**

- ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് (LLP) അല്ലെങ്കിൽ പ്രൈവറ്റ് ലിമിറ്റഡ് ആയി കേരളത്തിൽ രജിസ്റ്റർ ചെയ്ത കമ്പനി ആയിരിക്കണം.
- കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക് ഐഡിയും കോർപ്പറേറ്റ് അഫയേഴ്സ് മന്ത്രാലയത്തിന്റെ 'ആക്ടീവ്' അല്ലെങ്കിൽ 'ആക്ടീവ് കംപ്ലയന്റ്' സ്റ്റാറ്റസുള്ള ഡിഐപിപി രജിസ്ട്രേഷനും നിർബന്ധമാണ്.
- സ്റ്റാർട്ടപ്പ് ഒരു നൂതന ഉൽപ്പന്നത്തിലോ സാങ്കേതികവിദ്യയിലോ അധിഷ്ഠിതമായി പ്രവർത്തിക്കണം. വ്യാപാര-വാണിജ്യ മേഖലകളിൽ പ്രവർത്തിക്കുന്ന സർവീസ് സ്റ്റാർട്ടപ്പുകൾക്കും എസ്എംഇകൾക്കും സീഡ് ലോൺ നൽകാറില്ല.
- സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ ഏജൻസികൾ, കേരള സ്റ്റാർട്ടപ്പ് മിഷൻ, മറ്റ് സംസ്ഥാന ഇൻകുബേറ്ററുകൾ എന്നിവയിൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല.
- ഇന്ത്യയിലെ ഒരു സർക്കാർ ഏജൻസിയുടെയും ബ്ലാക്ക്ലിസ്റ്റിൽ ഉൾപ്പെട്ട സ്റ്റാർട്ടപ്പാകാൻ പാടില്ല.
- സ്റ്റാർട്ടപ്പ് ഡയറക്ടർക്ക് CIBIL സ്കോർ 750-ൽ കൂടുതൽ ഉണ്ടായിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക്:** https://startupmission.kerala.gov.in/schemes/women/seed-fund

### 1.1.6. വനിതാ സംരംഭകർക്ക് പർച്ചേസ് ഓർഡറിന്മേലുള്ള വായ്പ

വനിതാ സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പർച്ചേസ് ഓർഡറുകൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന മൂലധനമായി 15 ലക്ഷം രൂപ സോഫ്റ്റ് ലോണായി കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകി വരുന്നു. വായ്പ തുക പർച്ചേസ് ഓർഡറിന്റെ 80% ആയിരിക്കും. സോഫ്റ്റ് ലോണിന് 6% പലിശ ഈടാക്കും. ഒരു വർഷം അല്ലെങ്കിൽ പ്രോജക്റ്റ് പൂർത്തിയാകുമ്പോൾ പൂർണ്ണമായും തുക തിരിച്ചടയ്ക്കണം. പർച്ചേസ് ഓർഡറിൽ വ്യക്തമാക്കിയിട്ടുള്ള ഉൽപ്പന്നം/സേവനത്തിന്റെ വിതരണം/കൈമാറൽ സ്റ്റാർട്ടപ്പ് ഉറപ്പാക്കണം. ഉപഭോക്താവ് സാക്ഷ്യപ്പെടുത്തിയ ആദ്യ ഘട്ട പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം ഗഡു വിതരണം ചെയ്യുക. പരമാവധി വായ്പ തുക 15 ലക്ഷം രൂപയായിരിക്കും.

**സാമ്പത്തിക സഹായം:**

- വായ്പ തുക: പർച്ചേസ് ഓർഡർ മൂല്യത്തിന്റെ 80%, 15 ലക്ഷം രൂപ വരെ.
- പലിശ നിരക്ക്: പ്രതിവർഷം 6%.
- തിരിച്ചടവ്: 1 വർഷത്തിനുള്ളിൽ അല്ലെങ്കിൽ പ്രോജക്റ്റ് പൂർത്തിയാകുന്ന മുറയ്ക്ക്.

**യോഗ്യത**:

- വനിതാ സഹസ്ഥാപകർക്ക് സ്റ്റാർട്ടപ്പിൽ ഏറ്റവും കുറഞ്ഞത് 51% ഓഹരി ഉണ്ടായിരിക്കണം.
- ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് (LLP) അല്ലെങ്കിൽ പ്രൈവറ്റ് ലിമിറ്റഡ് ആയി കേരളത്തിൽ രജിസ്റ്റർ ചെയ്ത കമ്പനി ആയിരിക്കണം. KSUM യുണീക് ഐഡി സർട്ടിഫിക്കേഷൻ ലഭിച്ചിരിക്കണം.
- കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക് ഐഡിയും കോർപ്പറേറ്റ് അഫയേർസ് മന്ത്രാലയത്തിന്റെ 'ആക്ടീവ്' അല്ലെങ്കിൽ 'ആക്ടീവ് കംപ്ലയന്റ്' സ്റ്റാറ്റസുള്ളതും സ്റ്റാർട്ടപ്പ് ഇന്ത്യ നൽകുന്ന ഡിഐപിപി രജിസ്ട്രേഷനും നിർബന്ധമാണ്.
- സ്റ്റാർട്ടപ്പിന്റെ ഉപഭോക്താവ് സർക്കാർ വകുപ്പോ പൊതുമേഖലാ സ്ഥാപനമോ ആയിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക്:**

https://startupmission.kerala.gov.in/schemes/women/po-soft-loan

### 1.1.7. ഇൻറർനാഷണൽ എക്സ്പോഷർ പ്രോഗ്രാം

കേരള സ്റ്റാർട്ടപ്പ് മിഷന്റെ യങ് ഓൺട്രപ്രണർഷിപ് ഡവലപ്മെൻറ് പദ്ധതിയുടെ (വൈ ഇ ഡി പി) പ്രധാന ആകർഷണമാണ് ഇൻറർനാഷണൽ എക്സ്പോഷർ പ്രോഗ്രാം. 2015 മുതൽ വിജയകരമായി നടത്തിവരുന്ന ഈ പരിപാടിയിൽ വിവിധ രാജ്യങ്ങളിലായി ഇതുവരെ 400 ഓളം സ്റ്റാർട്ടപ്പുകൾ അവരുടെ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുകയും അന്താരാഷ്ട്ര തലത്തിൽ ബിസിനസ്, നിക്ഷേപ അവസരങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നതിന് വനിത സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് സൗജന്യ യാത്രയ്ക്ക് സൗകര്യമൊരുക്കും. സ്കീം പ്രകാരം ഒരു വർഷം 2 അന്താരാഷ്ട്ര യാത്രകൾ വരെ ലഭ്യമാണ്.

**സാമ്പത്തിക സഹായം**

- പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവ് ( തുക തിരികെ കൊടുക്കുന്ന രീതിയിൽ).
- സ്റ്റാർട്ടപ്പുകൾക്ക് പ്രതിവർഷം 2 യാത്രകൾക്ക് അർഹതയുണ്ട്.

**യോഗ്യത**:

a) ഡിപിഐഐടി, കെ.എസ്.യു.എം രജിസ്റ്റേർഡ് സ്റ്റാർട്ടപ്പുകൾ ആയിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക്:**

https://startupmission.kerala.gov.in/schemes/international-exchange-program

### 1.1.8. ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്(GAAM)

സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് പ്രയോജനപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനുമായി കെ എസ് യു എം സ്വീകരിച്ച പൊതു സംഭരണ നയമാണ് ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് പദ്ധതി. കേരള സർക്കാരിന് കീഴിലെ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾക്ക് മികച്ച ടെക്നോളജി സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും അൻപത് ലക്ഷം രൂപവരെയുള്ളവ ടെൻഡർ നടപടിക്രമങ്ങളില്ലാതെ നേരിട്ടും മൂന്ന് കോടി രൂപവരെയുള്ളവ സ്റ്റാർട്ടപ്പുകളിൽ നിന്നും ടെണ്ടർ വഴിയും വാങ്ങാനാകും.

സർക്കാർ ടെൻഡറുകളിൽ പങ്കെടുക്കുന്നതിന് ടെൻഡർ ഫീസിലും ഏണസ്റ്റ് മണി ഡെപ്പോസിറ്റിലും (EMD) വിറ്റുവരവ്, മുൻ പരിചയം പോലുള്ള മാനദണ്ഡങ്ങളിലും സ്റ്റാർട്ടപ്പുകൾക്ക് ഇളവ്. കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് GST ഒഴിവാക്കി 50 ലക്ഷം രൂപ വരെയുള്ള ഉൽപ്പന്നങ്ങൾ സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വാങ്ങാം. (GO (Ms) No 2/2022/SPD dt 05.07.2022). സംസ്ഥാന സർക്കാരിന് കീഴിലെ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾക്ക് മികച്ച ടെക്നോളജി സ്റ്റാർട്ടപ്പുകളുടെ മൂന്ന് കോടി രൂപവരെയുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും ടെണ്ടർ വഴി വാങ്ങാനാകും.

**സാമ്പത്തിക സഹായം**

- നേരിട്ടുള്ള വാങ്ങൽ: 50 ലക്ഷം രൂപ (ജിഎസ്ടി ഒഴികെ).
- ടെൻഡർ വഴിയുള്ള വാങ്ങൽ: 3 കോടി രൂപ വരെ (കെ.എസ്.യു.എമ്മിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു).
- സ്റ്റാർട്ടപ്പുകൾക്കുള്ള ഇളവുകൾ:
    - ടെൻഡർ ഫീസിലും ഏണസ്റ്റ് മണി ഡെപ്പോസിറ്റിലും ഇളവ്
    - മുൻ പരിചയത്തിലും വിറ്റുവരവിലും ഇളവ്

**യോഗ്യത**:

- ഡിപിഐഐടി, കെ.എസ്.യു.എം രജിസ്ടേഡ് സ്റ്റാർട്ടപ്പുകൾക്ക് ബാധകം

**കൂടുതൽ വിവരങ്ങൾക്ക് :** https://gm.startupmission.in/, varun@startupmission.in

## 1.1.9. സ്റ്റാർട്ടപ്പ് റിസേർച്ച് ഗ്രാന്റ് (R&D Grant)

ഡീപ്- ടെക്, ഹൈ-ടെക് സ്റ്റാർട്ടപ്പുകൾക്ക് ഗവേഷണാധിഷ്ഠിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ഉൽപ്പന്ന മാതൃകകളെ വിപണിയിലെത്തിക്കാവുന്ന ഉൽപ്പന്നങ്ങളാക്കാൻ ഈ ഗ്രാന്റ് സ്റ്റാർട്ടപ്പുകൾക്ക് ഉപയോഗിക്കാം.

**സാമ്പത്തിക സഹായം**

- ഗ്രാന്റ് തുക: സ്റ്റാർട്ടപ്പിന് ₹30 ലക്ഷം വരെ.

**യോഗ്യത**

- സ്റ്റാർട്ടപ്പ് ഇന്ത്യ, കെ.എസ്.യു.എം എന്നിവയിൽ രജിസ്റ്റർ ചെയ്തിരിക്കണം.
- പേറ്റന്റ് ഫയൽ ചെയ്തിരിക്കണം അല്ലെങ്കിൽ അനുവദിച്ചിട്ടുണ്ടാകണം.
- സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനത്തിൽ ഇൻക്യൂബേറ്റഡ് ആയിരിക്കണം.
- സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്തതോ കേന്ദ്ര - സംസ്ഥാന സർക്കാർ അംഗീകൃത ഇൻക്യുബേറ്ററിലോ ഗവേഷണ സ്ഥാപനത്തിലോ ഇൻക്യുബേറ്റ് ചെയ്തതോ ആയ സ്റ്റാർട്ടപ്പുകൾക്കോ അല്ലെങ്കിൽ മെന്ററോ അഡ്വൈസറോ ആയി ഒരു റിസർച്ച് ഫാക്കൽറ്റിയെങ്കിലും പ്രവർത്തിക്കുന്നതോ ആയ സ്റ്റാർട്ടപ്പുകൾക്ക് അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക് :** https://grants.startupmission.in/

## 1.1.10. സാങ്കേതിക വിദ്യ കൈമാറ്റവും വാണിജ്യവൽക്കരണവും (ടെക്നോളജി ട്രാൻസ്ഫർ & കൊമേർഷ്യലൈസേഷൻ സപ്പോർട്ട്) (OPC)

ഗവേഷണ സ്ഥാപനങ്ങളിൽ (R&D Institutes) നിന്നും സ്റ്റാർട്ടപ്പുകളിലേക്കുള്ള സാങ്കേതിക വിദ്യാ കൈമാറ്റത്തിന് ധനസഹായം നൽകി വരുന്ന കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയാണിത്. ഇന്ത്യയിലെ ഏതെങ്കിലും അംഗീകൃത ഗവൺമെന്റ് ഗവേഷണ സ്ഥാപനത്തിൽ നിന്ന് ടെക്നോളജി ഉപയോഗപ്പെടുത്തുകയോ ലൈസൻസ്

വാങ്ങുകയോ ചെയ്തുകൊണ്ട് വാണിജ്യവൽക്കരിക്കാവുന്ന ഉൽപ്പന്നമായി വികസിപ്പിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ഈ സ്കീം പ്രയോജനപ്പെടുത്താം.

**സാമ്പത്തിക സഹായം**

- ഫണ്ടിംഗ് പിന്തുണ: ഒരു സ്റ്റാർട്ടപ്പിന് 10 ലക്ഷം രൂപ വരെ.
- റീഇംബേഴ്സ്മെന്റ് കവറേജ്: സാങ്കേതികവിദ്യ ഏറ്റെടുക്കലിനായി ഗവേഷണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഫീസിന്റെ 90% .
- റോയൽറ്റി നിബന്ധന: വാണിജ്യവൽകൃത ഉൽപ്പന്നങ്ങൾക്ക് KSUMന് ലഭിക്കുന്ന 2% റോയൽറ്റി ഗ്രാന്റ് തുകയിൽ പരിമിതപ്പെടുത്തിയിരിക്കുന്നു.

**യോഗ്യത** :

- ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് (LLP) അല്ലെങ്കിൽ പ്രൈവറ്റ് ലിമിറ്റഡ് ആയി കേരളത്തിൽ രജിസ്റ്റർ ചെയ്ത കമ്പനി ആയിരിക്കണം. KSUM യുണീക് ഐഡി സർട്ടിഫിക്കേഷൻ ലഭിച്ചിരിക്കണം.
- സ്റ്റാർട്ടപ്പിന് കോർപ്പറേറ്റ് അഫയേർസ് മന്ത്രാലയത്തിന്റെ 'ആക്ടീവ്' അല്ലെങ്കിൽ 'ആക്ടീവ് കംപ്ലയന്റ്' സ്റ്റാറ്റസും ഡിഐപിപി രജിസ്ട്രേഷനും നിർബന്ധമാണ്. ഫണ്ട് വിതരണത്തിന് മുമ്പ് ഫോം INC 22A സ്റ്റാറ്റസ് പൂർത്തീകരിച്ചിരിക്കണം.
- സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ ഏജൻസികൾ, കേരള സ്റ്റാർട്ടപ്പ് മിഷൻ, അല്ലെങ്കിൽ മറ്റ് സംസ്ഥാന ഇൻകുബേറ്ററുകൾ എന്നിവയിൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല.
- സ്റ്റാർട്ടപ്പുകൾ ഇന്ത്യയിലെ ഒരു സർക്കാർ ഏജൻസിയുടെയും ബ്ലാക്ക്ലിസ്റ്റിൽ ഉൾപ്പെട്ടതാവരുത്.

**കൂടുതൽ വിവരങ്ങൾക്ക്:**

https://startupmission.kerala.gov.in/schemes/technology-commercialisation

## വനിതകൾക്കുള്ള സാമ്പത്തികേതര പദ്ധതികൾ ഒറ്റ നോട്ടത്തിൽ

| **സ്കീം** | **പദ്ധതികൾ** | **വിശദാംശങ്ങൾ** |
|---|---|---|
| അടിസ്ഥന സൗകര്യം | കോ - വർക്സ് സ്പേസ് | 50% വരെ സബ്സിഡി |
| | ലീപ് മെമ്പർഷിപ്പ് | 10% അധിക സബ്സിഡി |
| | വീ സ്റ്റാർട്ട്, വീ ഗ്രോ & വീ സ്കെയിൽ പദ്ധതികൾ | സ്റ്റാർട്ടപ്പ് വിപുലീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നൽകുന്ന |

| | | |
|---|---|---|
| പദ്ധതികൾ | | സഹായങ്ങൾ |
| | എലവേറ്റ് ഹെർ | സ്ത്രീകൾക്ക് നിക്ഷേപ അവസരം നൽകുന്ന പദ്ധതി |
| | NSRCEL-IIM ബെംഗലൂരുവുമായി ചേർന്ന് ഇൻക്യുബേഷൻ പദ്ധതി | മെന്ററിങ്, നെറ്റ് വർക്കിങ് അവസരങ്ങൾ |
| | സ്ത്രീകൾക്കുള്ള സ്റ്റാർട്ടപ്പ് മെന്ററിങ് പദ്ധതി | മെന്ററിങ് പദ്ധതികൾ (മൈൻഡ്- MIND ) |
| | വനിതകൾക്കുള്ള ഫാബ് അക്കാദമി കോഴ്സ് | ഫാബ് അക്കാദമി കോഴ്സിൽ വനിതകൾക്ക് പ്രത്യേക ഫീസിളവ് |
| | വനിതകൾക്കുള്ള ശിൽപ്പശാലകളും സെമിനാറുകളും | ലീഡർഷിപ് ടോക്സ്, വികസന പരിപാടികൾ |
| | വനിതാ കൂട്ടായ്മകൾ | സ്റ്റാർട്ടപ്പ് സ്ഥാപകർ തമ്മിലുള്ള പരസ്പര സഹകരണം |

*കെ എസ് യു എമ്മിന്റെ വിവിധ പദ്ധതികളെ കുറിച്ച് അറിയാൻ: https://startupmission.kerala.gov.in/schemes*

### 1.1.11. തൊഴിലിടവും മറ്റ് സൗകര്യങ്ങളും

കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ഓഫീസ്, മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം) നടത്തിവരുന്ന പ്രത്യേക പദ്ധതിയാണ് ലീപ്. കെ.എസ്.യു.എമ്മിന് കീഴിലെ വിവിധ ലീപ് കോവർക്സ് കേന്ദ്രങ്ങൾ ഈ പദ്ധതിക്ക് കീഴിൽ വരുന്നു. സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിലെ മാറ്റത്തിന്

അനുസൃതമായി പരിഷ്കരിച്ച് ലീപ് (ലോഞ്ച് എംപവർ ആക്സിലറേറ്റ് പ്രോസ്പർ - LEAP) കേന്ദ്രങ്ങളിൽ നിരവധി സൗകര്യങ്ങളൊരുക്കിയിരിക്കുന്നു.

- ലീപ് സെന്ററുകളിലും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കും 50% സബ്സിഡി ലഭ്യമാണ്.
- കോവർക്കിങ് സീറ്റുകളിൽ വനിതകൾക്ക് 40 ശതമാനം സബ്സിഡി.
    - പ്ലഗ് & പ്ലേ വർക്ക്സ്റ്റേഷൻസ്
    - മീറ്റിങ് റൂമുകൾ
    - ഇന്റർനെറ്റ് സൗകര്യം
    - നെറ്റ് വർക്കിങ് അവസരങ്ങൾ

| **ലീപ് മെമ്പർഷിപ്പ് കാർഡ്** | |
|---|---|
| **പ്ലാറ്റിനം (4999/-രൂപ):** കേരളത്തിലെ ഏത് ലീപ് സെന്ററുകളിലും പ്രതിമാസം 5 തവണ സൗജന്യ പ്രവേശനവും 2 തവണ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി ആക്സസും. | **ഗോൾഡ് (1999/-രൂപ):** കേരളത്തിലെ ഏത് ലീപ് സെന്ററുകളിലും പ്രതിമാസം 2 തവണ സൗജന്യ പ്രവേശനം. |

**യോഗ്യത** :

- സ്റ്റാർട്ടപ്പ് ഇന്ത്യ/DPIIT രജിസ്ട്രേഷൻ, കെ.എസ്.യു.എം യുണിക് ഐഡി നിർബന്ധമാണ്.

**കൂടുതൽ വിവരങ്ങൾക്ക്:** https://leap.startupmission.in/

### 1.1.12. വനിതകൾക്കുള്ള പദ്ധതികൾ (പ്രീ-ഇൻകുബേഷൻ, ഇൻകുബേഷൻ, ആക്സിലറേഷൻ)

വനിതാ സംരംഭകർക്ക് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും വളർത്തുന്നതിനും കെ.എസ്.യു.എം വിവിധ പദ്ധതികൾ വാഗ്ദാനം ചെയ്യുന്നു. വനിതാ സംരംഭകർ നേരിടുന്ന വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിനും ബിസിനസ്സ് സംരംഭങ്ങൾ നടത്തുന്നതിനും വേണ്ടി പ്രാരംഭഘട്ടം മുതൽ വിപണി വിപുലീകരണം വരെ സംരംഭകത്വ യാത്രയുടെ വിവിധ ഘട്ടങ്ങളിൽ പരിശീലനം നൽകുന്നു.

| **പദ്ധതികൾ** | **രൂപരേഖ** | **ഘട്ടം** | **പ്രവർത്തനങ്ങൾ** |
| --- | --- | --- | --- |
| വീ സ്റ്റാർട്ട് | 3 മാസത്തെ പ്രീ-ഇൻകുബേഷൻ പ്രോഗ്രാം | ആശയ ഘട്ടം | സെഷനുകൾ, വർക്ക് ഷോപ്പുകൾ |
| വീ ഗ്രോ | 4 മാസത്തെ ഇൻകുബേഷൻ പ്രോഗ്രാം | ഉൽപ്പന്ന മാതൃക | സെഷനുകൾ, വർക്ക് ഷോപ്പുകൾ, മെന്റർഷിപ്പ് |
| വീ സ്കെയിൽ | 4 ആഴ്ചത്തെ ആക്സിലറേഷൻ പ്രോഗ്രാം | പ്രാരംഭ വരുമാന ഘട്ടം | സെഷനുകൾ, വർക്ക് ഷോപ്പുകൾ, മെന്റർഷിപ്പ്, നിക്ഷേപാവസരം, ഡെമോ ഡെയ്സ് |
| എലവേറ്റ് ഹെർ | നിക്ഷേപത്തിനുള്ള തയ്യാറെടുപ്പ് | ഫണ്ട് സമാഹരണം | പിച്ചിങ്, മോക്ക് പിച്ച്, ഡെമോ ഡെയ്സ് |

**യോഗ്യത**:

- സ്റ്റാർട്ടപ്പ് മേഖലയിൽ താൽപര്യമുള്ള ആർക്കും അപേക്ഷിക്കാം.
- സ്റ്റാർട്ടപ്പ് ആണെങ്കിൽ കെ.എസ്.യു.എം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക്:** https://startupmission.kerala.gov.in/pages/westart, mind@startupmission.in

### 1.1.13. മെന്റർഷിപ്പ്

സ്റ്റാർട്ടപ്പുകളെ വളർത്തുന്നതിനും സഹായിക്കുന്നതിനും സഹകരിച്ച് പ്രവർത്തിക്കാൻ സന്നദ്ധരായ മെന്റർമാർ വഴി സാങ്കേതികവിദ്യ, ബിസിനസ്സ്, ഫണ്ടിങ്, വിപണി കണ്ടെത്തൽ എന്നിവയിലുള്ള മാർഗനിർദ്ദേശങ്ങളാണ് മെന്റർഷിപ്പ് പദ്ധതി വാഗ്ദാനം ചെയ്യുന്നത്.

**ആകർഷണങ്ങൾ**

- ആശയം, ഉൽപ്പന്ന വികസനം, സ്കെയിലിങ് എന്നീ ഘട്ടങ്ങളിലെ വിദഗ്ധോപദേശങ്ങൾ.
- കെ.എസ്.യു.എം മെന്റർ പോർട്ടൽ വഴി വിദഗ്ധോപദേശം തേടാം.
- കെ.എസ്.യു.എമ്മിന്റെ പരിപാടികളിൽ പങ്കെടുക്കുന്നതിനും മെന്റർമാരെ കണക്ട് ചെയ്യുന്നതിനുമുള്ള അവസരം.

**യോഗ്യത**:

- സ്റ്റാർട്ടപ്പ് മേഖലയിൽ താൽപര്യമുള്ള ആർക്കും അപേക്ഷിക്കാം.
- കെ.എസ്.യു.എം രജിസ്റ്റ്രേഷൻ ഉണ്ടായിരിക്കണം

**കൂടുതൽ വിവരങ്ങൾക്ക്:** https://mentors.startupmission.in/, adithya@startupmission.in

**** കേരള സ്റ്റാർട്ടപ്പ് മിഷന്റെ താഴെ പറയുന്ന പദ്ധതികൾ വനിതാ സംരംഭകർക്കും പ്രയോജനപ്പെടുത്താം***

### 1.1.14. ഫാബ് മിഷൻ

പുത്തൻ സാങ്കേതികവിദ്യകൾ രൂപകൽപ്പന ചെയ്യാനും നിർമ്മിക്കാനും സാങ്കേതിക സഹായം നൽകുന്ന പ്രോട്ടോടൈപ്പിംഗ് പ്ലാറ്റ്ഫോമാണ് ഫാബ്രിക്കേഷൻ ലബോറട്ടറി (ഫാബ് ലാബ്). സ്റ്റാർട്ടപ്പുകൾക്ക് സാങ്കേതിക സഹായത്തിനായി കേരളത്തിൽ 23 മിനി ഫാബ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്. കൊച്ചിയിലെ സൂപ്പർ ഫാബ് ലാബിൽ ഫാബ് അക്കാദമി കോഴ്സ് വഴി വിദഗ്ധരിൽ നിന്ന് നേരിട്ട് കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിക്കുന്നു. ഫാബ് അക്കാദമിയിലേക്ക് തിരഞ്ഞെടുക്കുന്ന വനിതാ വിദ്യാർത്ഥികൾക്ക് ഫീസിൽ 95% ഇളവ് ലഭിക്കുന്നു.

**ആകർഷണങ്ങൾ**

- ഫാബ് അക്കാദമി കോഴ്സിലേക്ക് തിരഞ്ഞെടുക്കുന്ന സ്ത്രീകൾക്ക് 95% ഫീസ് ഇളവ്.
- അത്യാധുനിക ഫാബ്രിക്കേഷൻ ടൂൾസ് ഉപയോഗിക്കുന്നതിൽ പ്രാവിണ്യം നേടാം.

**യോഗ്യത**:

- അഭിരുചിയും താൽപര്യവുമുള്ള ആർക്കും അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക്**: https://fablabkerala.in/, *jogin@startupmission.in*

### 1.1.15. നിക്ഷേപം

സ്റ്റാർട്ടപ്പ് നിക്ഷേപകരുടെയും ഫണ്ട് ദാതാക്കളുടെയും വലിയ ശൃംഖല കൊണ്ട് സമ്പന്നമാണ് കേരളം. സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്താൻ തയ്യാറാകുന്നവർ എക്കോസിസ്റ്റത്തെ കുറിച്ച് കൃത്യമായി പഠിച്ച് സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപകരുമായി (ഏഞ്ചൽ നിക്ഷേപകർ / വെഞ്ചർ കാപിറ്റലിസ്റ്റ്) നേരിട്ട് ആശയവിനിമയം നടത്തി ധനസമാഹരണ അവസരങ്ങൾ നൽകുന്നു.

**ആകർഷണങ്ങൾ**

- കെ.എസ്.യു.എമ്മിന്റെ നിക്ഷേപക നെറ്റ് വർക്ക് വഴി നിക്ഷേപാവസരങ്ങൾ നേടാം
- പിച്ചിങ് പരിശീലനവും മോക്ക് സെഷനുകളും നൽകും.
- നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ തുറന്ന് നൽകുന്നു.

**യോഗ്യത**:

- എല്ലാ ഘട്ടത്തിലുമുള്ള സ്റ്റാർട്ടപ്പുകൾക്ക് അവസരം.

**കൂടുതൽ വിവരങ്ങൾക്ക്:** https://startupmission.kerala.gov.in/pages/investorcafe, *fasil@startupmission.in*

** കേരള സ്റ്റാർട്ടപ്പ് മിഷന്റെ എല്ലാവിധ ധനസഹായ, സേവനങ്ങൾക്കും സ്റ്റാർട്ടപ്പ് ഇന്ത്യ/DPIIT രജിസ്ട്രേഷൻ നിർബന്ധമാണ്.*

*കെ എസ് യു എമ്മിന്റെ വിവിധ പദ്ധതികളെ കുറിച്ച് അറിയാൻ:* *https://startupmission.kerala.gov.in/schemes*

## 1.2. DICയുടെ കീഴിലുള്ള പദ്ധതികൾ

### 1.2.1. സംരംഭക സഹായ പദ്ധതി

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കി വരുന്ന ഏറ്റവും പ്രചാരമുള്ളതും, ആകർഷകവുമായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി. കേരളത്തിലെ ഉത്പാദന മേഖലയിൽ പ്രവർത്തിയ്ക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് അനുസരിച്ച് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**സവിശേഷതകൾ**

- പൊതു വിഭാഗത്തിലെ അപേക്ഷകന് സ്ഥിര നിക്ഷേപത്തിന്റെ 15% പരമാവധി 30 ലക്ഷം രൂപ സഹായം ലഭിക്കും.
- യുവാക്കൾ (18-45 വയസ്സുള്ളവർ), വനിത, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം, വിദേശ മലയാളികൾ എന്നിവർക്ക് സ്ഥിര നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം രൂപ സഹായം ലഭിക്കും.
- മുൻഗണനാ മേഖലയിലെ സംരംഭങ്ങൾക്ക് 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി.
- പത്തനംതിട്ട, ഇടുക്കി, വയനാട്, കാസറഗോഡ് എന്നീ ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി.
- അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും നവീന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നവർക്ക് 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി.
- എല്ലാ ഇനങ്ങളിലുമായി ഒരു സംരംഭത്തിന് ലഭിക്കുന്ന പരമാവധി സബ്സിഡി തുക 40 ലക്ഷം രൂപ ആയിരിക്കും.
- ഒരു യൂണിറ്റ് 1105/- രൂപ അപേക്ഷാ ഫീസ് നൽകണം.

**യോഗ്യത**:

- കേരളത്തിലെ ഉത്പാദന മേഖലയിൽ പ്രവർത്തിയ്ക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭമായിരിക്കണം.
- എംഎസ്എംഇ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
- കെട്ടിടം, യന്ത്ര സാമഗ്രികൾ, അവശ്യ ഓഫീസ് ഉപകരണങ്ങൾ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ, മറ്റ് സ്ഥിര ആസ്തികൾ എന്നിവയിൽ നിക്ഷേപം ഉണ്ടാവണം.

**കൂടുതൽ വിവരങ്ങൾക്ക് :**

https://industry.kerala.gov.in/index.php/schemes-mainmenu/entrepreneur-support-scheme-schemes

### 1.2.2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതിയാണ് നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി. നേരിട്ടോ ഓൺലൈൻ ആയോ ഈ പദ്ധതിക്ക് അപേക്ഷിക്കാം.

**സാമ്പത്തിക പിന്തുണ**

ഒരു യൂണിറ്റിനുള്ള പരമാവധി സഹായം നാലു ലക്ഷം രൂപ ആയിരിക്കും.

| വിഭാഗം | ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ (കുറഞ്ഞത്) | ഗുണഭോക്തൃ വിഹിതം (കുറഞ്ഞത്) | മാർജിൻ മണി ഗ്രാന്റ് (പരമാവധി) |
|---|---|---|---|
| പൊതു വിഭാഗം | 40% | 30% | 30% |
| പ്രത്യേക വിഭാഗം | 40% | 20% | 40% |

**യോഗ്യത** :

- പദ്ധതിച്ചെലവ് 10 ലക്ഷത്തിൽ കൂടാൻ പാടില്ല
- കേരളത്തിലെ ഉത്പാദന മേഖലയിലും, ജോബ് വർക്ക് മേഖലയിലും, മൂല്യ വർദ്ധനയുള്ള സേവന മേഖലയിലും പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്ക് ആനുകൂല്യം ലഭിക്കും.
- ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക് :**

**https://industry.kerala.gov.in/index.php/schemes-mainmenu/margin-money-grand-to-nano-units-schemes**

**അപേക്ഷിക്കുന്നതിന് : Nano-Grant-Application-Form.pdf (kerala.gov.in)**

### 1.2.3 നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശയിളവ് പദ്ധതി

നാനോ ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയാണിത്. മൂലധന വായ്പയെടുത്ത നാനോ ഗാർഹിക സംരംഭങ്ങൾക്ക്, അവർ അടച്ച പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്ന പദ്ധതിയാണിത്.

**സാമ്പത്തിക സഹായം :**

- പലിശ ഇളവ്
  - 3 വർഷത്തേക്ക് പ്രതിവർഷം 6%.
  - സ്ത്രീകൾ / എസ്സി / എസ്ടി: 3 വർഷത്തേക്ക് പ്രതിവർഷം 8%.
- പ്ലാന്റ്, യന്ത്രസാമഗ്രികൾ, ഓഫീസ് ഉപകരണങ്ങൾ, വൈദ്യുതീകരണം എന്നിവയ്ക്കുള്ള ടേം ലോണുകൾ (ഭൂമി / കെട്ടിട ചെലവുകൾക്ക് ബാധകമല്ല).

**യോഗ്യത :**

- ഉത്പാദന, സേവന, ജോബ് വർക്ക് മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാം.
- യന്ത്ര സാമഗ്രികൾ, അവശ്യ ഓഫീസിൽ ഉപകരണങ്ങൾ, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്ക് വേണ്ടി അംഗീകൃത ബാങ്കിൽ നിന്നും വായ്പ എടുത്തിരിക്കണം.
- എടുത്ത വായ്പയുടെ തിരിച്ചടവ് ആദ്യ 3 വർഷങ്ങളിൽ എപ്പോഴെങ്കിലും മുടങ്ങിയാൽ ആ വർഷത്തെ പലിശയിളവ് ലഭിക്കില്ല.

**കൂടുതൽ വിവരങ്ങൾക്ക് :**

https://industry.kerala.gov.in/index.php/schemes-mainmenu/interest-subvention-scheme-to-nano-units-scheme

### 1.2.4. കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ - ASHA)

കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കരകൗശല വിദഗ്ധർക്ക് ഒറ്റത്തവണ സഹായം (ഗ്രാന്റ്) നൽകാനായി ആവഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. സംരംഭം ആരംഭിച്ച ശേഷമാണ് ഗ്രാന്റ് ലഭ്യമാക്കുന്നത്. പണിപ്പുര, പണിയായുധങ്ങൾ, മറ്റ് ഉപകരണങ്ങൾ, യന്ത്ര സാമഗ്രികൾ, ഇലക്ട്രിഫിക്കേഷൻ, സാങ്കേതിക വിദ്യ, ഉത്പന്ന രൂപകൽപ്പന തുടങ്ങിയ സ്ഥിര മൂലധന നിക്ഷേപത്തിന് ധന സഹായം ലഭിയ്ക്കും.

**സാമ്പത്തിക സഹായം**

- പൊതുവിഭാഗം: സ്ഥിര നിക്ഷേപത്തിന്റെ 40% വരെ (പരമാവധി 2 ലക്ഷം രൂപ).

- പ്രത്യേക വിഭാഗങ്ങൾ (സ്ത്രീകൾ, പട്ടികജാതി/ പട്ടികവർഗം, 18-45 വയസ്സ് പ്രായമുള്ള യുവാക്കൾ): സ്ഥിര നിക്ഷേപത്തിന്റെ 50% വരെ (പരമാവധി 3 ലക്ഷം രൂപ).
- വർക് ഷോപ്പുകൾ, ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ, വൈദ്യുതീകരണം, ഉൽപ്പന്ന രൂപകൽപ്പന, സാങ്കേതികവിദ്യ സ്വീകരിക്കൽ തുടങ്ങിയ സ്ഥിര മൂലധന നിക്ഷേപങ്ങളാണ് യോഗ്യമായ ചെലവുകൾ.

**യോഗ്യത**

- അപേക്ഷകർ താഴെ പറയുന്ന പ്രകാരം രജിസ്റ്റർ ചെയ്ത കരകൗശല വിദഗ്ധനായിരിക്കണം:
  - കേന്ദ്ര സർക്കാരിന് കീഴിലെ കരകൗശല വികസന കമ്മീഷണറുടെ ഓഫീസ്.
  - കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി).
  - കേരളാ സ്റ്റേറ്റ് ബാംബു ഡവലപ്മെന്റ് കോർപ്പറേഷൻ (കെ എസ് ബി സി).
  - കേരളാ ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ).
  - ഹാൻഡിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് (എച് ഡി സി കെ).
  - കേരളാ സ്റ്റേറ്റ് പാമിറ പ്രോഡക്ട് ഡവലപ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം).
- കേരളത്തിലെ കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവരായിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക്:**

https://schemes.industry.kerala.gov.in/public/index.php/schemes

## 1.3. തദ്ദേശ സ്വയംഭരണ വകുപ്പ്

### 1.3.1. കുടുംബശ്രീ

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് കുടുംബശ്രീ. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ആണ് ഈ പ്രോജക്ട് നടത്തുന്നത്. നിലവിൽ കുടുംബശ്രീയുടെ പ്രവർത്തനം ശക്തവും വിപുലവുമാകുകയും സ്ത്രീകളുടെ കരുത്തുറ്റ സംഘടനാ സംവിധാനം നിലവിൽ വരികയും ചെയ്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. കുടുംബശ്രീ വഴി സ്ത്രീകൾക്ക് താഴെ പറയുന്ന വിവിധ മേഖലകളിൽ സംരംഭം തുടങ്ങുന്നതിന് നിരവധി സഹായ പദ്ധതികൾ നിലവിലുണ്ട്.

### 1.3.1(a). മഹിളാ കിസാൻ ശക്തികരൻ പരിയോജന (MKSP)

ഗ്രാമീണ സ്ത്രീകളിൽ കാർഷിക അധിഷ്ഠിത ഉപജീവനമാർഗങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക സുസ്ഥിരത നിലനിർത്തുന്നതിനുമായി സാമ്പത്തിക സഹായങ്ങൾ നൽകി കാർഷിക മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സർക്കാരും മറ്റ് ഏജൻസികളും നൽകുന്ന പദ്ധതികളുടെയും സേവനങ്ങളുടെയും ഗുണഭോക്താക്കളാകുന്നതിന് സ്ത്രീകളെ സഹായിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക മേഖലയിലെ സ്ത്രീകളുടെ ഉന്നമനം സാധ്യമാകുന്നതോടെ അവരുടെ കുടുംബങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉണ്ടാകും.

**സാമ്പത്തിക സഹായം**

- പലിശ ഇളവ്: കാർഷിക വായ്പകൾ, കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് (സിഐഎഫ്), ജെഎൽജികൾക്കുള്ള റിവോൾവിംഗ് ഫണ്ട് എന്നിവയ്ക്ക് 5% സബ്സിഡി.

**യോഗ്യത**

- ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (ജെഎൽജി) കീഴിൽ പ്രവർത്തിക്കുന്ന വനിതാ കർഷകർ.

**കൂടുതൽ വിവരങ്ങൾക്ക് :** http://mksp.gov.in/

### 1.3.1(b). സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ ശാക്തീകരിക്കുന്നതിനുള്ള കുടുംബശ്രീ മിഷന്റെ പ്രധാന പദ്ധതിയാണ് മൈക്രോ എന്റർപ്രൈസ് പ്രമോഷനും വികസനവും. മൈക്രോ

എന്റർപ്രൈസ് പ്രാഥമികമായി സ്ത്രീകളുടെ സംരംഭങ്ങളെ പിന്തുണയ്ക്കുന്നു. പരിശീലനം, സാമ്പത്തിക - വിപണന പിന്തുണ, ഹാൻഡ് ഹോൾഡിംഗ് പിന്തുണ എന്നിവ നൽകുന്നു. നിലവിലുള്ള മൈക്രോ എന്റർപ്രൈസുകൾക്കും പുതിയവയ്ക്കും ഇത്തരത്തിലുള്ള പിന്തുണ ബാധകമാണ്. നിക്ഷേപത്തിന്റെ ഒരു ഭാഗം കുടുംബശ്രീ വഹിക്കും.

**പ്രധാന മൈക്രോ എന്റർപ്രൈസസ് യൂണിറ്റുകൾ**

- **ഐടി യൂണിറ്റുകൾ:** വിവര സാങ്കേതിക വിദ്യാ മേഖലയിൽ വൈദഗ്ധ്യമുള്ള സ്ത്രീകൾക്ക് നൈപുണ്യ പരിശീലനവും സാമ്പത്തിക സഹായവും.
- **ഇ-സേവാ കേന്ദ്രം:** മോട്ടോർ വാഹന വകുപ്പിന്റെ (എം.വി.ഡി) സേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ.
- **സാന്ത്വനം:** പരിശീലനം ലഭിച്ച സ്ത്രീകൾ വീടുകൾ സന്ദർശിച്ച് കിടപ്പ് രോഗികൾക്ക് അടിസ്ഥാന ആരോഗ്യ പരിശോധന നൽകുന്ന കുടുംബശ്രീ മിഷൻ പദ്ധതി.
- **കഫേ കുടുംബശ്രീ:** പ്രാദേശിക ഭക്ഷണശാലകൾ, കാറ്ററിംഗ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ മിഷൻ വനിതകൾക്ക് നൽകുന്ന പിന്തുണ.
- **എബിസി പ്രോഗ്രാം:** മൃഗങ്ങളുടെ ജനന നിയന്ത്രണ പരിപാടിയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കുടുംബശ്രീ മിഷന്റെ പദ്ധതിയാണ് ABC പ്രോഗ്രാം.
- **ഡേ കെയർ സെന്ററുകൾ:** ഡേ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും സാമ്പത്തിക പിന്തുണയും.
- **അമൃതം ന്യൂട്രിമിക്സ് യൂണിറ്റ്:** സർക്കാർ പിന്തുണയുള്ള പോഷകാഹാര ഭക്ഷ്യ ഉൽപാദന യൂണിറ്റുകൾ.
- **കയർ യൂണിറ്റുകൾ:** കയർ യൂണിറ്റുകൾ തുടങ്ങുന്നതിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ സാമ്പത്തിക സഹായത്തോടൊപ്പം (മൂലധന/പലിശ ഇളവ്) പരിശീലനവും നൽകുന്നു.
- **നാപ്കിൻ യൂണിറ്റുകൾ:** സ്വയം സഹായ സംഘങ്ങൾ വഴി ചെലവി കുറഞ്ഞ സാനിറ്ററി നാപ്കിൻ ഉത്പാദന യൂണിറ്റുകൾ.
- **ഹരിത ലേബർ ഗ്രൂപ്പ്:** റബ്ബർ കൃഷി മേഖല നേരിടുന്ന പ്രധാന വെല്ലുവിളിലൊന്നായ വിദഗ്ധരുടെ ദൗർലഭ്യം മറികടക്കാനുള്ള പദ്ധതിയാണ് ഹരിത തൊഴിൽ സംഘ രൂപീകരണം.

**കൂടുതൽ വിവരങ്ങൾക്ക് :** https://www.kudumbashree.org/pages/550

## സാമ്പത്തിക സഹായം

| പദ്ധതികൾ | സാമ്പത്തിക സഹായം | തുക |
|---|---|---|
| റിവോൾവിങ് ഫണ്ട്(RF) | മൈക്രോ എന്റർപ്രൈസുകൾക്കുള്ള പ്രവർത്തന മൂലധനം | 10,000 രൂപ വരെ (വ്യകതികൾക്ക്), 50,000 രൂപ വരെ (കൂട്ടായ്മകൾക്ക്) |
| രണ്ടാം ഘട്ട സഹായം | പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണ | പദ്ധതി ചെലവിന്റെ 40% അല്ലെങ്കിൽ 3,00,000 വരെ ഏതാണോ ചെറിയ തുക. |
| പ്രതിസന്ധി ഘട്ടം തരണം ചെയ്യുന്നതിന് (CMF) | അപ്രതീക്ഷിത പ്രതിസന്ധികളെ തരണം ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം | സാഹചര്യത്തിന് അനുസരിച്ച് വ്യത്യാസപ്പെടുന്നു |
| ഇന്നോവേഷൻ ഫണ്ട് (ഐഎഫ്) | നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നു | പദ്ധതിക്ക് അനുസൃതമായ തുക |
| പലിശയിളവ് | വായ്പകളിന്മേലുള്ള സാമ്പത്തിക ഭാരം കുറയ്ക്കുന്നു | വ്യത്യസ്ഥ നിരക്കുകൾ |
| സ്കെയിൽ അപ്പ് ഫണ്ട് | പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പിന്തുണ | പദ്ധതിക്ക് അനുസൃതമായ തുക |
| ടെക്നോളജി ഫണ്ട് | പുത്തൻ സാങ്കേതികവിദ്യകൾ പരീക്ഷിക്കുന്നതിന് പിന്തുണ | ഒരു വ്യക്തിക്ക് പദ്ധതി ചെലവിന്റെ 40% അല്ലെങ്കിൽ 50,000 വരെ (പരമാവധി 5 ലക്ഷം) |

| | | |
|---|---|---|
| ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട് | നിലവിലുള്ള സാങ്കേതികവിദ്യ പുതുക്കുന്നതിന് സഹായിക്കുന്നു | ഒരു വ്യക്തിക്ക് പദ്ധതി ചെലവിന്റെ 40% അല്ലെങ്കിൽ 50,000 വരെ (പരമാവധി 5 ലക്ഷം) |
| പ്രവാസി ഭദ്രത - പേൾ | നാട്ടിലേക്ക് മടങ്ങി വരുന്ന പ്രവാസികൾക്ക് സംരംഭം ആരംഭിക്കുന്നതിന് പലിശ രഹിത വായ്പ | ഒരു വ്യക്തിക്ക് പദ്ധതി ചെലവിന്റെ 75% അല്ലെങ്കിൽ 2,00,000 രൂപ വരെ ഏതാണോ ചെറിയ തുക. 2 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കണം. |

### 1.3.1(c). സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (SVEP)

കേരളത്തിൽ കുടുംബശ്രീ നടപ്പാക്കുന്ന നാഷണൽ റൂറൽ ലൈവിലിഹുഡ് മിഷന്റെ (National Rural Livelihood Mission NRLM) ഉപപദ്ധതിയാണ് സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (SVEP). സാമ്പത്തിക സഹായം, പദ്ധതി വികസനം, ഉപദേശക പിന്തുണ എന്നിവ നൽകി ഗ്രാമീണ കാർഷികേതര സംരംഭകരെ പിന്തുണയ്ക്കുകയാണഅ പദ്ധതി ലക്ഷ്യമിടുന്നത്.

**സാമ്പത്തിക സഹായം**

- കാർഷികേതര മൈക്രോ, ചെറുകിട സംരംഭ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സ്കെയിൽ ചെയ്യുന്നതിനും കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് (സിഇഎഫ്) വായ്പ വ്യക്തിഗത സംരംഭങ്ങൾക്ക് 50000 മുതൽ 100000 രൂപ വരെ
- സംരംഭക കൂട്ടായ്മകൾക്ക് :100000 മുതൽ 500000 രൂപ വരെ
- പലിശ നിരക്ക്: പ്രതിവർഷം 4%

**യോഗ്യത**

- കുടുംബശ്രീക്ക് കീഴിൽ വരുന്ന സ്വയം സഹായ സംഘങ്ങളിൽ നിന്നുള്ള ഗ്രാമീണ വനിതാ സംരംഭകർ
- ബിസിനസ്സ് ആശയം SVEP മാർഗ്ഗനിർദ്ദേശങ്ങളുമായി പൊരുത്തപ്പെടണം
- കുടുംബശ്രീയുടെ കീഴിൽ സംരംഭകത്വ പരിശീലനം നേടിയിരിക്കണം
- അയൽക്കൂട്ടം അംഗത്തിന്റെ കുടുംബാംഗമായ ഏതൊരു വ്യക്തിക്കും സ്വന്തമായി ബിസിനസ്സ് ആരംഭിക്കുന്നതിന് SVEP പിന്തുണയും ലഭിക്കും.

**കൂടുതൽ വിവരങ്ങൾക്ക് :** https://www.kudumbashree.org/pages/444

## 1.4. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

'വനിതകളുടെ സമഗ്ര ശാക്തീകരണം' എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ. വനിതകളെ സ്വാശ്രയത്തിന്റെ പടവുകളിലൂടെ അർഹമായ സാമൂഹിക പദവിയിലേയ്ക്കുയർത്തുന്നതു വഴി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സാമൂഹിക നവോത്ഥാനത്തിനാണ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്.

### 1.4.1. വായ്പാ പദ്ധതികൾ

ബിസിനസ്സ് ആരംഭിക്കാനോ വിപുലീകരിക്കാനോ സാമ്പത്തിക സഹായം നൽകി സ്ത്രീകളെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുള്ള പരിപാടിയാണ് കേരള വനിതാ വികസന കോർപ്പറേഷന്റെ (കെഡബ്ല്യുഡിസി) വായ്പാ പദ്ധതി. സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ (NMDFC,NBCFDC, NSCFDC) വായ്പാ ധന സഹായവും, കേരള സർക്കാരിന്റെ പദ്ധതി വിഹിതവും ഉപയോഗിച്ച് മിതമായ പലിശ നിരക്കിൽ വിവിധ വായ്പാ പദ്ധതികൾ ഈ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

| **പദ്ധതി** | **വായ്പ തുക** | **വാർഷിക വരുമാനം** | **പലിശ നിരക്ക്** | **തിരിച്ചടവ് കാലാവധി** | **പ്രായ പരിധി** |
|---|---|---|---|---|---|
| (സ്വയംതൊഴിൽ വായ്പാ പദ്ധതി) | 5 ലക്ഷം | 8 ലക്ഷം | 8% | 5 വർഷം | 18-60 |
| പിന്നാക്ക വിഭാഗങ്ങൾക്കുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതി | 5 ലക്ഷം | 3-8 ലക്ഷം | 8% | 5 വർഷം | 18-60 |

| | | | | | |
|---|---|---|---|---|---|
| ചെറുകിട വായ്പാ പദ്ധതി (വഴിയോരക്കച്ച വടക്കാർ, ചെറുകിട കച്ചവടക്കാർ, അവിവാഹിതരായ അമ്മമാർ) (എല്ലാ വിഭാഗക്കാർക്കും സ്വയം തൊഴിൽ വായ്പാ പദ്ധതി) | 50,000 /- | 1,20,000/- | മാനദണ്ഡങ്ങൾക്ക് അനുസരിച്ച് | 5 വർഷം | 18-55 |

**കൂടുതൽ വിവരങ്ങൾക്ക് :** https://kswdc.org/loan-scheme/#kswdc-schemes

### 1.4.2. സംരംഭകത്വ വികസന പരിപാടി (EDP)

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSWDC) സംസ്ഥാനത്തെ വിധവകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യം വെച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സംരംഭകത്വ വികസന പരിപാടി (EDP).

**ആകർഷണങ്ങൾ**

- 18 നും 55 നും ഇടയിൽ പ്രായമുള്ള വിധവകളായ സ്ത്രീകളിൽ സംരംഭകത്വ സംസ്കാരം വർധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നു.
- പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പാ സഹായവും നൽകുന്നു.

**യോഗ്യത**

- 18 നും 55 നും ഇടയിൽ പ്രായമുള്ള വിധവകൾക്ക് അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക്: https://kswdc.org/public-utility-services/**

### 1.4.3. ശരണ്യ- (Saranya - Self Employment Scheme for the destitute Women)

നാഷണൽ എംപ്ലോയ്മെന്റ് സർവീസിന് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) കീഴിൽ കേരള സർക്കാർ ആരംഭിച്ച സ്വയം തൊഴിൽ പദ്ധതിയാണ് ശരണ്യ. വിധവകൾ,

വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സിന് മുകളിലുള്ള തൊഴിൽരഹിതർ, പട്ടിക വർഗ വിഭാഗങ്ങളിൽ നിന്നുള്ള അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികളുടെ ഭാര്യമാർ എന്നിവരുൾപ്പെടെ സംസ്ഥാനത്തെ ഏറ്റവും പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകളുടെ ഉന്നമനമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**സാമ്പത്തിക സഹായം**

- സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപ വരെ പലിശ രഹിത വായ്പ നൽകുന്നു.
- തൊഴിൽ വകുപ്പ് വഴി പരമാവധി 50% സർക്കാർ സബ്സിഡി അല്ലെങ്കിൽ 25,000 രൂപ വരെ വായ്പ വാഗ്ദാനം ചെയ്യുന്നു.
- പ്രതിമാസ വ്യവസ്ഥയിൽ 60 തവണകളിലായി തിരിച്ചടക്കണം.
- വായ്പയുടെ കുറഞ്ഞത് 50% തിരിച്ചടയ്ക്കുന്ന വിജയകരമായ സംരംഭങ്ങൾക്ക് ചെറിയ പലിശ നിരക്കിൽ മുഴുവൻ വായ്പ തുകയുടെ 80% വരെ അധിക ധനസഹായത്തിന് അപേക്ഷിക്കാം.
- വായ്പയ്ക്ക് ഈട് ആവശ്യമില്ല.

**യോഗ്യത**

- വിധവകൾ, വിവാഹമോചിതരായ വ്യക്തികൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സിനു മുകളിലുള്ളവർ, പാർശ്വവത്കരിക്കപ്പെട്ട പശ്ചാത്തലങ്ങളിൽ നിന്നുള്ള അവിവാഹിതരായ അമ്മമാർ.
- അപേക്ഷകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കണം.
- പ്രോജക്ട് റിപ്പോർട്ടും വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും സമർപ്പിക്കണം.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് സൗജന്യ ഫോമുകൾ വാങ്ങി വിശദമായ പ്രോജക്ട് റിപ്പോർട്ട്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുക.

**കൂടുതൽ വിവരങ്ങൾക്ക് : https://employment.kerala.gov.in/en/saranya/**

### 1.4.4. SMILE പ്രോജക്റ്റ് (പാർശ്വവൽക്കരിക്കപ്പെട്ട വ്യക്തികൾക്കുള്ള സംരംഭക പിന്തുണ)

പാർശ്വവത്കരിക്കപ്പെട്ട വ്യക്തികളെ, പ്രത്യേകിച്ച് കോവിഡ്-19 ബാധിച്ചവരിൽ സാമ്പത്തിക സഹായവും നൈപുണ്യ വികസനവും നൽകി കൊണ്ട് സംരംഭക സംസ്കാരം വളർത്തുക ലക്ഷ്യമിട്ടുള്ള പദ്ധതി.

**സാമ്പത്തിക സഹായം**

- ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി വഴി മൊത്തം പദ്ധതി ചെലവിന്റെ 20%
- പലിശ നിരക്ക്: 6%
- തിരിച്ചടവ്:
    - പ്രിൻസിപ്പൽ മോറട്ടോറിയം: 5 മാസം
    - ഇന്ററസ്റ്റ് മൊറട്ടോറിയം: 1 മാസം

**യോഗ്യത**

- കോവിഡ്-19 ബാധിച്ച പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള വ്യക്തികൾ
- 18-നും 60-നും ഇടയിൽ പ്രായമുള്ളവരായിരിക്കണം
- നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കണം

**കൂടുതൽ വിവരങ്ങൾക്ക് :** https://kswdc.org/step/

## 1.5. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

### 1.5.1 സ്റ്റാർട്ടപ്പ് കേരള - ഫിനാൻസിങ് സ്റ്റാർട്ടപ്പുകൾക്കായി കെഎഫ്സിയുടെ സമഗ്ര പദ്ധതി

ആശയ രൂപീകരണം, പ്രോട്ടോടൈപ്പ് വികസനം, ഉൽപ്പന്ന പരീക്ഷണങ്ങൾ, വിപണി പ്രവേശനം, വാണിജ്യവൽക്കരണം, സ്കെയിലിംഗ് തുടങ്ങി വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനുള്ള പദ്ധതി.

സാമ്പത്തിക സഹായം:

1. ഉൽപാദനം: 25 ലക്ഷം
2. വാണിജ്യവൽക്കരണം: 50 ലക്ഷം രൂപ
3. സ്കെയിലിങ് അപ്പ്: 1 കോടി രൂപ

യോഗ്യത

- കേരള സ്റ്റാർട്ടപ്പ് മിഷൻ/ വ്യവസായ നയ വകുപ്പ് എന്നിവയിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ അല്ലെങ്കിൽ (ഡിഐപിപി) GOIയിൽ രജിസ്റ്റർ ചെയ്തതോ
- കേരളത്തിൽ കോർപ്പറേറ്റ് ഓഫീസ് പ്രവർത്തനം ഉണ്ടായിരിക്കണം
- ബിസിനസ് ആശയം പ്രായോഗികമായിരിക്കുകയും ഉൽപ്പന്നം/സേവനത്തിന് വിപണന സാധ്യത ഉണ്ടാവുകയും വേണം.

**കൂടുതൽ വിവരങ്ങൾക്ക് :**

https://www.kfc.org/page/loan-schemes/startup-kerala-comprehensive-scheme-by-kfc-for-financing-startups

## 1.6. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ

### 1.6.1. വി – മിഷൻ

സംസ്ഥാനത്തെ സ്ത്രീകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വനിതാ സംരംഭകരെ അവരുടെ സംരംഭകത്വ യാത്രയിലുടനീളം പിന്തുണയ്ക്കാനും വേണ്ടി കെഎസ്ഐഡിസി രൂപകൽപ്പന ചെയ്തിരിക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ-മിഷൻ (WE-മിഷൻ). പദ്ധതി നടത്തിപ്പിനായി കെഎസ്ഐഡിസി അങ്കമാലിയിലെ INKEL ടവർ II-ൽ WE Space എന്ന പേരിൽ ഒരു വനിതാ അപ്പാരൽ പാർക്ക് സ്ഥാപിച്ചു. സ്ത്രീകൾ നയിക്കുന്ന വസ്ത്ര നിർമ്മാണം, അനുബന്ധ വ്യവസായങ്ങൾ, കയറ്റുമതി അധിഷ്ഠിത യൂണിറ്റുകൾക്ക് ഈ സൗകര്യം സബ്സിഡി നിരക്കിൽ വാടകയ്ക്ക് നൽകുന്നു.

**സാമ്പത്തിക സഹായം:**

- ബിസിനസ് വിപുലീകരണം സുഗമമാക്കുന്നതിന് സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ അല്ലെങ്കിൽ പ്രാരംഭ പ്രോജക്റ്റ് ചെലവിന്റെ 80% (ഏതാണ് കുറവ്) വരെ.

**യോഗ്യതാ**

- വീ മിഷൻ സ്കീമിന്റെ വിവിധ ഘടകങ്ങൾക്ക് യോഗ്യതാ മാനദണ്ഡങ്ങൾ വ്യത്യസ്ഥമായിരിക്കും.
- കേരളത്തിലെ വനിതാ സംരംഭകരായിരിക്കണം.
- വസ്ത്രനിർമ്മാണം, അനുബന്ധ വ്യവസായങ്ങളിലെ കയറ്റുമതി അധിഷ്ഠിത യൂണിറ്റുകൾ.

**കൂടുതൽ വിവരങ്ങൾക്ക്:** **https://www.ksidc.org/women-entrepreneurship/**

# 2. ദേശീയ പദ്ധതികൾ

## 2.1 എംഎസ്എംഇക്ക് കീഴിലെ പദ്ധതികൾ

കേന്ദ്ര സർക്കാരിന് കീഴിൽ എം.എസ്.എം.ഇ വനിത സംരംഭകർക്ക് നൽകുന്ന വിവിധ പദ്ധതികൾ

### 2.1.1. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി എം ഇ ജി പി)

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഗ്രാമ, നഗര പ്രദേശങ്ങളിലും കെവിഐസി / കെവിഐബി / ഡിഐസി എന്നിവയ്ക്കിടയിൽ യഥാക്രമം 30:30:40 എന്ന അനുപാതത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി എം ഇ ജി പി). പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ/പ്രോജക്റ്റുകൾ/മൈക്രോ എന്റർപ്രൈസസ് സ്ഥാപിക്കുന്നതിലൂടെ രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം.

**സാമ്പത്തിക സഹായം:**

- കാർഷികേതര മേഖലയിൽ പുതിയ മൈക്രോ എന്റർപ്രൈസസ് സ്ഥാപിക്കുന്നതിനുള്ള ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പ്രോഗ്രാം.
- ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവന മേഖലയിൽ 20 ലക്ഷം രൂപ വരെയും ഉള്ള പദ്ധതികൾക്ക് പ്രോജക്ട് ചെലവിന്റെ 15% മുതൽ 35% വരെയാണ് മാർജിൻ മണി സബ്സിഡി.
- എസ്.സി/എസ്.ടി/വനിതകൾ/ന്യൂനപക്ഷങ്ങൾ/വിമുക്തഭടന്മാർ/ട്രാൻസ് ജെൻഡർ/ ആസ്പിരേഷണൽ ജില്ലകൾ/ എൻ.ഇ.ആർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്ക് ഗ്രാമീണ മേഖലയിൽ 35 ശതമാനവും നഗരപ്രദേശങ്ങളിൽ 25 ശതമാനവുമാണ് മാർജിൻ മണി സബ്സിഡി.
- 18 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്ക് പ്രത്യേക വിഭാഗത്തിൽ 5% അധിക സബ്സിഡിക്ക് അർഹതയുണ്ട്.
- എംഎസ്എംഇ യൂണിറ്റിന്റെ സംഭാവന ജനറൽ വിഭാഗത്തിന് 10 ശതമാനവും പ്രത്യേക വിഭാഗത്തിന് (സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾ, എസ്സി / എസ്ടി, ന്യൂനപക്ഷങ്ങൾ മുതലായവ) മൊത്തം പദ്ധതി ചെലവിന്റെ 5 ശതമാനവുമാണ്.

**യോഗ്യത**

- പ്രായം: 18 വയസ്സ് കവിയരുത്.

- 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾക്ക് അപേക്ഷിക്കണമെങ്കിൽ എട്ടാം ക്ലാസ് ജയിച്ചിരിക്കണം.
- ഉൽപാദന അല്ലെങ്കിൽ സേവന മേഖലയിലെ പുതിയ സംരംഭങ്ങൾ ആയിരിക്കണം.
- നിലവിലുള്ള ബിസിനസുകൾക്കും മറ്റ് സബ്സിഡികളുടെ ഗുണഭോക്താക്കൾക്കും അർഹതയില്ല.

** പിഎംഇജിപി ധനസഹായം ലഭിച്ച എംഎസ്എംഇകൾക്ക് അവയുടെ വിപുലീകരണത്തിനും നവീകരണത്തിനുമായി രണ്ടാമത്തെ വായ്പയ്ക്കും അർഹതയുണ്ട്. പദ്ധതി ചെലവിന്റെ 15% സബ്സിഡി നിരക്കിൽ (വടക്കുകിഴക്കൻ, മലയോര സംസ്ഥാനങ്ങൾക്ക് 20%) ഈ യൂണിറ്റുകൾക്ക് യൂണിറ്റിന് ഒരു കോടി രൂപ വരെ വായ്പ ലഭിക്കും.*

**കൂടുതൽ വിവരങ്ങൾക്ക് :** https://www.kviconline.gov.in/pmegpeportal/pmegphome

### 2.1.2. MSME-കൾക്കും പുതിയ സംരംഭകർക്കും വായ്പകളിന്മേലുള്ള ഈട് (CGTMSE)

സൂക്ഷ്മ ചെറുകിട സേവന സംരംഭങ്ങൾക്ക് (എംഎസ്ഇ) വായ്പയിന്മേൽ ഈട് നൽകുന്നതിന് സർക്കാർ പിന്തുണ നൽകുന്ന പദ്ധതിയാണ് സിജിടിഎംഎസ്ഇ (CGTMSE).

**സവിശേഷതകൾ:**

- ഒരു എംഎസ്ഇക്ക് 10 ലക്ഷം മുതൽ 1 കോടി രൂപ വരെ വായ്പ ലഭിക്കുമ്പോൾ അനുവദിക്കുന്ന തുകയുടെ 50% വരെയുള്ള ഈടിന് പരിരക്ഷ ലഭിക്കും.
- വായ്പ തുക: യൂണിറ്റിന് 5 കോടി രൂപ വരെ (ഈടില്ലാതെ)
- പരിരക്ഷ
    - മൈക്രോ സംരംഭങ്ങൾക്ക് 85% (5 ലക്ഷം രൂപ വരെ വായ്പ).
    - വടക്കുകിഴക്കൻ മേഖലയിലെ (വടക്കുകിഴക്കൻ മേഖല) സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള / പ്രവർത്തിപ്പിക്കുന്ന എംഎസ്ഇകൾക്കും എല്ലാ വായ്പകൾക്കും 80%.
    - മറ്റ് എംഎസ്ഇകൾക്ക് 75% (50 ലക്ഷം രൂപ വരെ വായ്പ).
    - റീട്ടെയിൽ ബിസിനസുകൾക്ക് 50%.
- വായ്പാ കാലാവധി: പരമാവധി 5 വർഷം.

**യോഗ്യത:**

- നിലവിലുള്ള മൈക്രോ, ചെറുകിട, സേവന സംരംഭകർക്ക് ഈ പദ്ധതി വഴി ആനുകൂല്യം ലഭ്യമാണ്.

- ബാങ്കുകൾ, എൻബിഎഫ്സികൾ പോലുള്ള സ്ഥാപനങ്ങൾ വഴി വായ്പകൾക്ക് അപേക്ഷിക്കുന്ന സംരംഭങ്ങൾ.
- റീട്ടെയിൽ ബിസിനസുകൾക്ക് സ്കീമിന് കീഴിൽ ഭാഗിക പരിരക്ഷ ലഭിക്കും.

**കൂടുതൽ വിവരങ്ങൾക്ക് :** https://www.cgtmse.in

### 2.1.3. കോമൺ ഫെസിലിറ്റി സെന്ററുകൾക്കുള്ള സഹായം (സിഎഫ്സി):

വ്യാവസായിക ക്ലസ്റ്ററുകൾക്കുള്ളിൽ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക കേന്ദ്രങ്ങളും സ്ഥാപിച്ച് സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെ (എംഎസ്ഇ) ശക്തിപ്പെടുത്തുകയാണ് കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്സി) പദ്ധതി ലക്ഷ്യമിടുന്നത്. പ്രവർത്തനച്ചെലവ് കുറയ്ക്കുന്നതിനും ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും എംഎസ്എംഇകളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും കേന്ദ്രങ്ങൾ സഹായിക്കുന്നു.

- **സാമ്പത്തിക പിന്തുണ**
- പരമാവധി 20 കോടി രൂപ വരെ ഗ്രാന്റ്
- സർക്കാർ സംഭാവന:
  - ജനറൽ ക്ലസ്റ്ററുകൾക്ക് പദ്ധതിച്ചെലവിന്റെ 70% വരെ.
  - പ്രത്യേക വിഭാഗത്തിലുള്ള പ്രദേശങ്ങളിലെ (വടക്കുകിഴക്കൻ, മലയോര മേഖലകൾ, അഭിലാഷ ജില്ലകൾ) ക്ലസ്റ്ററുകൾക്ക് പദ്ധതിച്ചെലവിന്റെ 90% വരെ.
- പദ്ധതി ചെലവുകൾ:
  - ഭൂവികസനം (ഭൂമിയുടെ വില ഒഴികെ).
  - കെട്ടിട നിർമ്മാണം.
  - ഉൽപാദന പ്രക്രിയകൾക്കായി യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന്.
  - പരിശോധന, പരിശീലനം, ഗവേഷണ സൗകര്യങ്ങൾ.
  - എംഎസ്എംഇകൾക്കുള്ള മാർക്കറ്റിംഗ്, ബ്രാൻഡിംഗ് പിന്തുണ.

**യോഗ്യത:**

- രജിസ്റ്റർ ചെയ്ത സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്പിവി) ആണ് സി.എഫ്.സിയെ നിർദ്ദേശിക്കേണ്ടത്:
  - വ്യവസായ അസോസിയേഷനുകൾ അല്ലെങ്കിൽ സഹകരണ സംഘങ്ങൾ.
  - സംസ്ഥാന സർക്കാർ ഏജൻസികൾ.

    - എംഎസ്എംഇകളുമായി ചേർന്ന് പ്രവർത്തിക്കുന്ന എൻജിഒകൾ.
- ക്ലസ്റ്ററിൽ കുറഞ്ഞത് 20 എംഎസ്എംഇ യൂണിറ്റുകൾ ഉണ്ടായിരിക്കണം.
- പദ്ധതി സാമ്പത്തിക പ്രവർത്തനക്ഷമതയും സ്വയം സുസ്ഥിരതയ്ക്കുള്ള ഒരു ബിസിനസ്സ് പദ്ധതിയും പ്രദർശിപ്പിക്കണം.

**കൂടുതൽ വിവരങ്ങൾക്ക് :** https://msme.gov.in/infrastructure-development-program

### 2.1.4. MSMEകൾക്കുള്ള സംഭരണവും വിപണന പിന്തുണയും

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക (എംഎസ്എംഇ) മേഖലയിലെ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വിപണനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. പുതിയ സംരംഭങ്ങളുടെ മാർക്കറ്റ് ആക്സസ് പ്രോത്സാഹിപ്പിക്കുക, സംരംഭകത്വ അവബോധം സൃഷ്ടിക്കുക, മാർക്കറ്റിംങ് ഉൾപ്പടെയുള്ള വിഷയങ്ങളിൽ MSME കളെ ബോധവൽക്കരിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യം. വ്യാപാര മേളകൾ, സമൂഹ മാധ്യമങ്ങൾ വഴി പരസ്യം ചെയ്യൽ, ഇ-മാർക്കറ്റിംഗ്, ജി എസ് ടി, ജിഇഎം പോർട്ടൽ, പൊതു സംഭരണ നയം, അനുബന്ധ വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുന്നതിലും പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**സവിശേഷതകൾ:**

- പൊതുവിഭാഗം യൂണിറ്റുകൾക്ക് നൽകുന്ന സ്ഥലവാടകയുടെ 80 ശതമാനവും എസ് സി / എസ്ടി / സ്ത്രീകൾ / എൻഇആർ / പിഎച്ച് യൂണിറ്റുകൾക്ക് 100 ശതമാനവും ക്ലാസ് എ നഗരങ്ങൾക്ക് 1.5 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു.
- എല്ലാ വിഭാഗം യൂണിറ്റുകൾക്കും യാത്ര, പരസ്യം, ചരക്ക് ചെലവിൽ 100% അല്ലെങ്കിൽ പരമാവധി 25,000 രൂപ ലഭ്യമാക്കും. ഓരു പരിപാടിയിൽ പങ്കെടുക്കാൻ യൂണിറ്റിൽ നിന്നും ഒരു പ്രതിനിധിക്ക് യാത്ര ചെയ്യാം. എസി 2 ടയർ ട്രെയിൻ ടിക്കറ്റ് / ഇക്കോണമി ക്ലാസ് വിമാന ടിക്കറ്റ് വരെ പദ്ധതി പ്രകാരം നൽകുന്നു.
- മെട്രോ അല്ലെങ്കിൽ എ ക്ലാസ് സിറ്റികളിലാണ് പരപാടിയെങ്കിൽ ഒരു സംരംഭത്തിന് യാത്രാ ചെലവിന്റെ യഥാർത്ഥ തുകയോ അല്ലെങ്കിൽ പരമാവധി 1.50 ലക്ഷം രൂപ വരെയോ (എല്ലാ നികുതികളും ഉൾപ്പെടെ) ലഭിക്കും.
- മറ്റ് നഗരങ്ങളിൽ ഒരു സംരംഭത്തിന് യാത്രാ ചെലവിന്റെ യഥാർത്ഥ തുകയോ അല്ലെങ്കിൽ പരമാവധി 80,000 രൂപ വരെയോ (എല്ലാ നികുതികളും ഉൾപ്പെടെ) ലഭിക്കും.

**യോഗ്യത:**

- ഉദ്യം രജിസ്ട്രേഷൻ (യുആർ) സർട്ടിഫിക്കറ്റ് ഉള്ള മാനുഫാക്ചറിങ് / സേവന മേഖലയിലെ എംഎസ്ഇകൾക്ക് അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക് :** http://dcmsme.gov.in/OM%20&%20PMS%20Scheme%20Guidelines.pdf

**അപേക്ഷിക്കുന്നതിന് :** www.dcmsme.gov.in

### 2.1.5. സൂക്ഷ്മ – ചെറുകിട സംരംഭ കൂട്ടായ്മ വികസന പദ്ധതി (Micro & Small Enterprises Cluster Development Programme (MSE-CDP)

പൊതു വെല്ലുവിളികളെ അഭിസംബോധന ചെയ്തും, വിപണി വർധിപ്പിച്ചും സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ (എംഎസ്ഇ) സുസ്ഥിര വളർച്ച പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**സവിശേഷതകൾ:**

- സാങ്കേതികവിദ്യ, നൈപുണ്യ വികസനം, ഗുണനിലവാരം, വിപണി പ്രവേശനം മുതലായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് എംഎസ്ഇകളുടെ വളർച്ച പിന്തുണയ്ക്കുക.
- എം.എസ്.ഇ.കളുടെ പുതിയ/ നിലവിലുള്ള യൂണിറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക / നവീകരിക്കുക.
- പൊതു സൌകര്യങ്ങൾ സ്ഥാപിക്കുക (ഉദാ: പരിശോധന, പരിശീലനം, അസംസ്കൃത വസ്തുക്കളുടെ ഡിപ്പോ, മലിനജല സംസ്കരണം, ഉൽപാദന പ്രക്രിയകൾ പൂരിപ്പിക്കൽ മുതലായവ).
- ഹരിത - സുസ്ഥിര ഉൽപ്പാദന സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുക.

**യോഗ്യത:**

- സംസ്ഥാന സർക്കാർ / ഏജൻസികൾ അംഗീകരിച്ചിട്ടുള്ള എംഎസ്ഇ ക്ലസ്റ്ററുകൾക്കോ കൂട്ടായ്മകൾക്കോ അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക് :**https://cluster.dcmsme.gov.in

### 2.1.6. എം.എസ്.എം.ഇ. സുസ്ഥിര (ZED) സർട്ടിഫിക്കേഷൻ

പാരിസ്ഥിതിക തത്വങ്ങളിൽ അധിഷ്ഠിതമായി ഉയർന്ന ഗുണനിലവാരവും ഉൽപാദനക്ഷമതയും കൈവരിക്കുന്നതിനായി പുതിയ സാങ്കേതികവിദ്യ, ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന്

എംഎസ്എംഇകളെ പ്രാപ്തമാക്കുകയാണ് സീറോ ഡിഫക്റ്റ് സീറോ ഇഫക്റ്റ് (ZED) സർട്ടിഫിക്കേഷന്റെ ലക്ഷ്യം .

**സവിശേഷതകൾ:**

- സർട്ടിഫിക്കേഷൻ ലെവൽ 1: വെങ്കലം: 10,000 രൂപ
- സർട്ടിഫിക്കേഷൻ ലെവൽ 2: സിൽവർ: 40,000 രൂപ
- സർട്ടിഫിക്കേഷൻ ലെവൽ 3: ഗോൾഡ്: 90,000 രൂപ

ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ എംഎസ്എംഇകൾക്കും സീറോ ഡിഫക്റ്റ് സീറോ ഇഫക്റ്റ് (ZED) സർട്ടിഫിക്കേഷനിൽ പങ്കെടുക്കാം. മറ്റ് ആനുകൂല്യങ്ങളും ഇൻസെന്റീവുകളും നേടാനും അർഹതയുണ്ട്. സീറോ ഡിഫക്റ്റ് സീറോ ഇഫക്റ്റ് (ZED) സർട്ടിഫിക്കേഷന്റെ ചെലവിൽ എംഎസ്എംഇകൾക്ക് സബ്സിഡിയും ലഭ്യാമാണ്:

- ജോയിനിങ് റിവാർഡായ 10,000 രൂപ ലഭിച്ചാൽ വെങ്കലം നേടാനാകും
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് 80-60-50% നിരക്കിൽ സബ്സിഡി ലഭിക്കാം.
- എൻഇആർ / ഹിമാലയൻ / എൽഡബ്ല്യുഇ / ദ്വീപ് പ്രദേശങ്ങൾ / ആസ്പിറേഷണൽ ജില്ലകൾ എന്നിവിടങ്ങളിലെ സ്ത്രീകൾ / എസ്സി / എസ്ടി എംഎസ്എംഇകൾക്ക് 10% അധിക സബ്സിഡിക്ക് അർഹതയുണ്ട്

**ടെസ്റ്റിങ്, ഗുണനിലവാരം, ഉൽപ്പന്ന സർട്ടിഫിക്കേഷൻ എന്നിവയിൽ സാമ്പത്തിക സഹായം:**

- സർട്ടിഫിക്കേഷന്റെ മൊത്തം ചെലവിന്റെ 75% വരെയോ പരമാവധി 50,000 രൂപ വരെയോ ആണ് സബ്സിഡി ലഭിക്കുക.

**ഹാൻഡ് ഹോൾഡിങ് പിന്തുണ:**

- എല്ലാ സീറോ ഡിഫക്റ്റ് സീറോ ഇഫക്റ്റ് (ZED) സർട്ടിഫൈഡ് എംഎസ്എംഇകൾക്കും കൺസൾട്ടൻസിക്കായി 2 ലക്ഷം രൂപ വരെ ലഭിക്കും.

**സാങ്കേതികവിദ്യാ നവീകരണത്തിനുള്ള പിന്തുണ:**

- എല്ലാ സീറോ ഡിഫക്റ്റ് സീറോ ഇഫക്റ്റ് (ZED) സർട്ടിഫൈഡ് എംഎസ്എംഇകൾക്കും 3 ലക്ഷം രൂപ വരെ ലഭിക്കും.

**യോഗ്യത:**

- ഉദ്യം രജിസ്ട്രേഷൻ (യുആർ) സർട്ടിഫിക്കറ്റ് ഉള്ള എംഎസ്ഇകൾക്ക് അപേക്ഷിക്കാം.

**അപേക്ഷിക്കുന്നതിന്:** www.zed.msme.gov.in

### 2.1.7. എംഎസ്എംഇ പേറ്റന്റ് റീ-ഇമ്പേഴ്സ്മെന്റ്

പേറ്റന്റ്, ട്രേഡ്മാർക്ക്, ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻസ് (ജിഐ), ഡിസൈൻ എന്നിവയുടെ രജിസ്ട്രേഷനായി ചെലവഴിച്ച തുക എംഎസ്എംഇകൾക്ക് തിരികെ നൽകുന്നു.

**സാമ്പത്തിക സഹായം:**

| നമ്പർ | വിഭാഗം | പരമാവധി സാമ്പത്തിക പിന്തുണ |
|---|---|---|
| 1 | വിദേശ പേറ്റന്റ് | 5 ലക്ഷം രൂപ |
| 2 | ആഭ്യന്തര പേറ്റന്റ് | 1 ലക്ഷം രൂപ |
| 3 | ജി ഐ രജിസ്ട്രേഷൻ | 2 ലക്ഷം രൂപ |
| 4 | ഡിസൈൻ രജിസ്ട്രേഷൻ | 0.15 ലക്ഷം രൂപ |
| 5 | ട്രേഡ് മാർക്ക് | 0.10 ലക്ഷം രൂപ |

**യോഗ്യത**

- ഉദ്യം രജിസ്ട്രേഷനു കീഴിൽ രജിസ്റ്റർ ചെയ്ത എംഎസ്എംഇ ആയിരിക്കണം.
- ഇന്ത്യൻ, വിദേശ പേറ്റന്റുകൾക്ക് റീഇംബേഴ്സ്മെന്റ് ലഭ്യമാണ്.

**അപേക്ഷിക്കുന്നതിന്:** https://innovative.msme.gov.in

### 2.1.8. സ്ത്രീകൾക്കുള്ള വ്യാപാരവുമായി ബന്ധപ്പെട്ട സംരംഭകത്വ സഹായവും വികസനവും (TREAD) പദ്ധതി (Trade Related Entrepreneurship Assistance and Development)

സ്ത്രീകളെ സംരംഭകരാക്കാൻ സഹായിക്കുന്നതിന് ഇന്ത്യൻ സർക്കാർ എൻജിഒകൾക്ക് ഗ്രാന്റ് നൽകുന്നു. സ്ത്രീകൾക്ക് പരിശീലനം, കൗൺസിലിംഗ്, വിപണനം എന്നിവയ്ക്കായി ഗ്രാന്റ് ഉപയോഗിക്കാം.

**സവിശേഷതകൾ:**

- എൻജിഒകൾക്ക് പദ്ധതി ചെലവിന്റെ 30% വരെ ഗ്രാന്റായി ലഭിക്കും.
- സ്ത്രീകളെ ശാക്തീകരിക്കാൻ സഹായിക്കുന്നതിന് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്കും ഗ്രാന്റ് ലഭ്യമാണ്.

**യോഗ്യത**

- എൻജിഒകൾ ഈ മേഖലയിൽ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.
- കൂട്ടായ്മകൾ വനിതകൾക്ക് വേണ്ടി പ്രവർത്തിച്ച് പരിചയം ഉള്ളവരായിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക് :** https://www.msmediagra.gov.in/womentread.htm

### 2.1.9. MSME കൾക്കുള്ള പൊതു സംഭരണ നയം (Public Procurement Policy - PPP)

ഇന്ത്യയിലെ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്ക് (എംഎസ്എംഇ) വിപണന പിന്തുണ നൽകുക എന്നതാണ് പൊതു സംഭരണ നയത്തിന്റെ പ്രാഥമിക ലക്ഷ്യം. കേന്ദ്ര മന്ത്രാലയങ്ങൾ, വകുപ്പുകൾ, കേന്ദ്ര പൊതുമേഖലാ സംരംഭങ്ങൾ (സിപിഎസ്ഇകൾ) എന്നിവയിലൂടെ എംഎസ്ഇകളിൽ നിന്ന് ഉൽപ്പന്നങ്ങളും സേവനങ്ങളും വാങ്ങുന്നത് പ്രോത്സാഹിപ്പിക്കാനും സുഗമമാക്കാനും ഈ നയം ലക്ഷ്യമിടുന്നു. സുപ്രധാന ഭേദഗതികളിലൊന്ന് കേന്ദ്ര മന്ത്രാലയങ്ങളും വകുപ്പുകളും സിപിഎസ്ഇകളും അവരുടെ ആവശ്യകതയുടെ 25% എംഎസ്ഇകളിൽ നിന്ന് പ്രതിവർഷം സംഭരിച്ചിരിക്കണം. പട്ടികജാതി/പട്ടികവർഗ (എസ്സി/എസ്ടി) സംരംഭകരുടെ ഉടമസ്ഥതയിലുള്ള എംഎസ്ഇകളിൽ നിന്ന് 4%, വനിതാ സംരംഭകരുടെ ഉടമസ്ഥതയിലുള്ള എംഎസ്ഇകളിൽ നിന്ന് 3% സംഭരണവും സ്വീകരിക്കാം.

**പ്രധാന സവിശേഷതകൾ:**

- എംഎസ്ഇകൾക്ക് ടെണ്ടർ ഡോക്യുമെന്റുകൾ സൗജന്യമായി ലഭിക്കും.
- ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് MSME കളിൽ നിന്ന് EMD ഒഴിവാക്കേണ്ടതാണ്.
- ടെണ്ടർ വേളയിൽ നിശ്ചിത പരിധിക്കുള്ളിൽ (എൽ 1 + 15%) എം എസ് ഇ അല്ലാത്തവർ ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്യുകയാണെങ്കിൽ ആവശ്യകതയുടെ ഒരു ഭാഗം എം എസ് ഇകൾക്ക് ഏറ്റവും കുറഞ്ഞ വിലയ്ക്ക് (എൽ 1) വിതരണം ചെയ്യാൻ അവസരം നൽകുന്നു. ഇത് ആരോഗ്യകരമായ മത്സരത്തെ പ്രോത്സാഹിപ്പിക്കുകയും എംഎസ്ഇകളെ പിന്തുണയ്ക്കുകയും ചെയ്യുന്നു.
- എംഎസ്ഇകളിൽ നിന്നുള്ള സംഭരണത്തിന് മാത്രമായി 358 ഇനങ്ങൾ നീക്കിവച്ചിരിക്കുന്നു.

- മുൻ പരിചയത്തിന്റെ അടിസ്ഥാനത്തിൽ മുൻകൂർ വിറ്റുവരവ് മാനദണ്ഡ പ്രകാരം പബ്ലിക് പ്രൊക്യുർമെന്റ് പോളിസിയിൽ സ്റ്റാർട്ടപ്പുകൾക്കും എംഎസ്ഇകൾക്കും ഇളവ് ലഭിക്കും.

**യോഗ്യത:**

- സൂക്ഷ്മ - ചെറുകിട സംരംഭങ്ങൾ (എംഎസ്ഇ) നിർമ്മിക്കുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും പൊതു സംഭരണ നയം ബാധകമാണ്.
- ഈ പോളിസിയിൽ വ്യാപാരികൾ, ഏജന്റുമാർ, വിതരണക്കാർ അല്ലെങ്കിൽ കരാറുകാർ എന്നിവർ ഉൾപ്പെടുന്നില്ല.

**കൂടുതൽ വിവരങ്ങൾക്ക് :** https://dcmsme.gov.in/pppm.htm.aspx

### 2.1.10. നൈപുണ്യ വികസനവും മഹിളാ കയർ യോജനയും (എംസിവൈ)

കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ കരകൗശല വിദഗ്ധരുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ടുള്ള പ്രത്യേക പരിശീലന പരിപാടിയാണിത്. കയർ സ്പിന്നിംഗിൽ രണ്ട് മാസത്തെ പരിശീലനമാണ് ഈ പദ്ധതിയിലൂടെ നൽകുന്നത്. കയർ മേഖലയിലെ കരകൗശല വിദഗ്ധരെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം

**സാമ്പത്തിക സഹായം**

- പ്രതിമാസം 3000 രൂപ സ്റ്റൈപന്റ് ലഭിക്കും.
- കയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രധാനമന്ത്രിയുടെ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പിഎംഇജിപി) വഴി സഹായം ലഭിക്കും

**യോഗ്യത**

- പരിശീലനം ലഭിച്ച അപേക്ഷകർ കയർ ഉൽപാദന മേഖലയിലെ ഗ്രാമീണ വനിതാ കരകൗശല വിദഗ്ധരായിരിക്കണം.

**More Info:** https://my.msme.gov.in/MyMsmeMob/MsmeScheme/Pages/1_3_5_1.html

### 2.1.11. എം.എസ്.എം.ഇ. ഐഡിയ ഹാക്കത്തോൺ

എംഎസ്എംഇ മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത മൈക്രോ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം (എംഎസ്എംഇ) ആതിഥേയത്വം വഹിക്കുന്ന അഭിമാനകരമായ പദ്ധതിയാണ് എംഎസ്എംഇ ഐഡിയ ഹാക്കത്തോൺ. സർക്കാർ ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. അത്തരം എംഎസ്എംഇ ഇൻകുബേറ്ററുകളിൽ ഒന്നാണ് കെഎസ്യുഎം.

**സാമ്പത്തിക സഹായം**

- ആശയത്തിന് പരമാവധി 15 ലക്ഷം രൂപ വരെ ധനസഹായം നൽകും.
- ആശയം ഉൽപ്പന്ന മാതൃക ആക്കുന്നതിനും ഉൽപ്പന്നം വിപണിയിൽ എത്തിക്കുന്നതിനും തുക വിനിയോഗിക്കാം.

**യോഗ്യത**

- ഇന്ത്യൻ വംശജനായ ഏതൊരാൾക്കും ഇ-മെയിൽ അല്ലെങ്കിൽ മൊബൈൽ നമ്പർ ഉപയോഗിച്ച് അപേക്ഷിക്കാം.
- എംഎസ്എംഇ, വിദ്യാർത്ഥി, മറ്റുള്ളവ എന്നീ മൂന്ന് വിഭാഗങ്ങളിലായി അപേക്ഷിക്കാം.
- എംഎസ്എംഇ വിഭാഗത്തിൽ ഉദ്യം രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് എംഎസ്എംഇ ഐഡിയ ഹാക്കത്തോണിനായി രജിസ്റ്റർ ചെയ്യാം. (ഉദ്യം രജിസ്ട്രേഷന്: https://udyamregistration.gov.in/ സന്ദർശിക്കുക)
- വിദ്യാർത്ഥി വിഭാഗത്തിൽ, പ്രസ്തുത സാമ്പത്തിക വർഷം സാധുതയുള്ള ഒരു സ്റ്റുഡന്റ് ഐഡന്റിറ്റി കാർഡ് സമർപ്പിക്കണം.

**കൂടുതൽ വിവരങ്ങൾക്ക് :** https://my.msme.gov.in/inc/Default.aspx

### 2.1.12. മൈക്രോ, ചെറുകിട സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം

വനിതാ സംരംഭകരെ പരിശീലിപ്പിക്കാനും പിന്തുണയ്ക്കാനും എൻജിഒകൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായ പദ്ധതിയാണ് മൈക്രോ, ചെറുകിട സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം.

**സാമ്പത്തിക സഹായം**

- പദ്ധതി ചെലവിന്റെ 30% വരെ എൻജിഒകൾക്ക് ലഭിക്കും.
- പരിശീലന സ്ഥാപനങ്ങൾക്ക് ഗ്രാന്റും ലഭിക്കും.

**യോഗ്യത**

- എൻജിഒകൾ വനിതാ സ്വയം സഹായ സംഘങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നവരായിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക് : https://www.cgtmse.in/**

## 2.2. ദേശീയ പിന്നാക്ക ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC)

### 2.2.1. പിന്നാക്ക വിഭാഗങ്ങളിലെ സ്ത്രീകൾക്കായി സ്വർണ്ണിമ പദ്ധതി

പദ്ധതിക്ക് കീഴിൽ പ്രധാനമായും 2 സ്കീമുകളാണ് ഉള്ളത്, ഒന്ന് ടേം ലോൺ, മറ്റൊന്ന് സ്ത്രീകൾക്കുള്ള പുതിയ സ്വർണ്ണിമ പദ്ധതി. പിന്നാക്ക വിഭാഗങ്ങളിലെ സ്ത്രീകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി രണ്ട് ലക്ഷം രൂപ വരെ ടേം ലോൺ നൽകുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കുള്ളതാണ് പുതിയ സ്വർണ്ണിമ പദ്ധതി. ഈ സ്കീമിന് കീഴിലുള്ള പരമാവധി വായ്പാ പരിധി ഒരു ലക്ഷം രൂപയാണ്, കോർപ്പറേഷന്റെ പൊതു വായ്പാ പദ്ധതിയുമായി താരതമ്യപ്പെടുത്തുമ്പോൾ വായ്പ തുകയുടെ പലിശ നിരക്ക് കുറവാണ്.

**സാമ്പത്തിക സഹായം**

- ടേം ലോൺ: പരമാവധി വായ്പ തുക 2 ലക്ഷം രൂപ.
- പുതിയ സ്വർണ്ണിമ സ്കീം: പരമാവധി വായ്പ തുക ഒരു ലക്ഷം രൂപ.
- കുറഞ്ഞ പലിശ നിരക്ക്.

**യോഗ്യത**

- ടേം ലോൺ: പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകൾ.
- പുതിയ സ്വർണ്ണിമ പദ്ധതി: ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾ.

**കൂടുതൽ വിവരങ്ങൾക്ക് :** https://www.myscheme.gov.in/schemes/nssw

## 2.3. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം

### 2.3.1. മഹിളാ സമൃദ്ധി യോജന

ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ കീഴിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് പലിശയിൽ ഇളവ് നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയാണിത്.

**സാമ്പത്തിക സഹായം**

- 1,40,000 രൂപ വരെ ധനസഹായം
- കുറഞ്ഞ പലിശ നിരക്ക്.

**യോഗ്യത**

- കുടുംബ വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെയുള്ള പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ.

**കൂടുതൽ വിവരങ്ങൾക്ക് :** https://govinfo.me/mahila-samridhi-yojna/

## 2.4. സിഡ്ബി (SIDBI)

### 2.4.1. മഹിളാ ഉദ്യം നിധി

ചെറുകിട മേഖലകളിൽ സംരംഭം ആരംഭിക്കുന്നതിന് വനിതാ സംരംഭകർക്ക് സോഫ്റ്റ് ലോൺ (ക്വാസി ഇക്വിറ്റി) നൽകുന്നു. സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) ചെറുകിട പദ്ധതികൾക്ക് കീഴിലാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്. സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സിഡ്ബി.

**സാമ്പത്തിക സഹായം**

- ഒരാൾക്ക് 10 ലക്ഷം രൂപ വരെ സോഫ്റ്റ് ലോൺ.
- വായ്പ തിരിച്ചടയ്ക്കുന്നതിന് 10 വർഷം സാവകാശം .

**യോഗ്യത**

- ചെറുകിട വനിതാ സംരംഭകർ.

**കൂടുതൽ വിവരങ്ങൾക്ക് :** https://udyamimitra.in/

## 2.5. കേന്ദ്ര സർക്കാരിന്റെ വനിതാ ശിശു വികസന മന്ത്രാലയം

### 2.5.1. സ്ത്രീകൾക്കുള്ള പരിശീലനത്തിനും തൊഴിൽ പദ്ധതിക്കുമുള്ള പിന്തുണ

ഈ പദ്ധതിക്ക് രണ്ട് ലക്ഷ്യങ്ങളുണ്ട്. സ്ത്രീകൾക്ക് തൊഴിൽ നൽകുന്ന നൈപുണ്യങ്ങൾ നൽകുക. സ്വയംതൊഴിൽ / സംരംഭകരാകാൻ സ്ത്രീകളെ പ്രാപ്തരാക്കുന്ന കഴിവുകളും നൈപുണ്യവും നൽകുക.

**പിന്തുണ**

- പരിശീലന പരിപാടികൾക്കുള്ള പിന്തുണ.
- നൈപുണ്യ വികസന പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക.

**യോഗ്യത**

- 16 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്ക് അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക് :**

https://wcd.nic.in/sites/default/files/Revised%20schemeof%20STEP_0.pdf

## 2.6. ധനകാര്യ മന്ത്രാലയം - ധനകാര്യ സേവന വകുപ്പ്

### 2.6.1. സ്ത്രീകൾക്കുള്ള മുദ്ര യോജന / മഹിളാ ഉധ്യമി യോജന

വനിതാ സംരംഭകർക്ക് അവരുടെ ബിസിനസ്സ് ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**സാമ്പത്തിക സഹായം**

- 10 ലക്ഷം രൂപ വരെ മുദ്ര വായ്പകൾ വാഗ്ദാനം ചെയ്യുന്നു.
- പലിശയിളവ്
- 3 മുതൽ 5 വർഷം വരെ തിരിച്ചടവ് ഇളവ്

**യോഗ്യത**

- 18 നും 65 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക് :** https://www.mudra.org.in/

## 2.7. ന്യൂനപക്ഷകാര്യ മന്ത്രാലയം

### 2.7.1. സ്വയം തൊഴിൽ വായ്പാ പദ്ധതികൾ - ക്രെഡിറ്റ് ലൈൻ 1 - മഹാളാ സമൃദ്ധി യോചന

ദേശീയ ന്യൂനപക്ഷ വികസന സാമ്പത്തിക കോർപ്പറേഷൻ സ്ത്രീകളെ കരകൗശലത്തിൽ പരിശീലിപ്പിക്കുകയും സ്വയം സഹായ സംഘങ്ങൾ രൂപപ്പെടുത്തുകയും കുറഞ്ഞ പലിശയ്ക്ക് ചെറുകിട ബിസിനസ് വായ്പകൾ നൽകുകയും ചെയ്യുന്നു.

**സാമ്പത്തിക സഹായം**

- കുറഞ്ഞ പലിശയ്ക്ക് (പ്രതിവർഷം 7%) ചെറുകിട ബിസിനസ് വായ്പകൾ (ഒരു ലക്ഷം രൂപ വരെ)
- പരിശാലന കാലയളവിൽ പ്രതിമാസം 1,000 രൂപ സ്റ്റൈപന്റ്

**യോഗ്യത**

- 18നും 65നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് അപേക്ഷിക്കാം

**കൂടുതൽ വിവരങ്ങൾക്ക് :** https://nmdfc.org/nmdfcschemes

## 2.8. BIRAC-ന്റെ ബയോ-ഇഗ്നിഷൻ ഗ്രാന്റ്

### 2.8.1. ബിഗ്- (BIG)

യുവ സ്റ്റാർട്ടപ്പുകൾക്കും സംരംഭക വ്യക്തികൾക്കും ശരിയായ ഇന്ധനവും പിന്തുണയും നൽകുന്ന BIRACന്റെ മുൻനിര പദ്ധതിയാണ് ബിഗ് (BIG). ഇന്ത്യയിലെ ഏറ്റവും വലിയ

പ്രാരംഭ ഘട്ട ബയോടെക് ഫണ്ടിങ് പ്രോഗ്രാമാണ് ബിഗ് (BIG). നൂതന ആശയങ്ങൾക്ക് 5 മില്യൺ ഇന്ത്യൻ രൂപ വരെ (ഏകദേശം 70,000 യുഎസ് ഡോളർ) ധനസഹായം നൽകും. പദ്ധതിയുടെ ഭാഗമായി ഇന്നൊവേറ്റർമാർക്ക് വാണിജ്യവൽക്കരണ സാധ്യതയുള്ള ഗവേഷണ പദ്ധതികൾക്ക് 18 മാസം കാലയളവിലേക്ക് 50 ലക്ഷം രൂപ വരെ (ഏകദേശം 70,000 യുഎസ് ഡോളർ) ലഭിക്കും.

**ലക്ഷ്യങ്ങൾ**

- വാണിജ്യവൽക്കരണ സാധ്യതയുള്ള ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക
- ആശയങ്ങളുടെ വ്യക്തത വർധിപ്പിക്കുക.
- ഗവേഷണ ആശയങ്ങളെ സാങ്കേതികവിദ്യ വഴി സ്റ്റാർട്ടപ്പിലൂടെ വിപണിയിലെത്തിക്കാൻ പ്രോത്സാഹിപ്പിക്കുക.
- സംരംഭക രൂപീകരണം പ്രോത്സാഹിപ്പിക്കുക.

**For more information:** https://birac.nic.in/big.php

### 2.9.1. വനിതാ സംരംഭകത്വ പ്ലാറ്റ്ഫോം (Women Entrepreneurship Platform - WEP)

വനിതാ സംരംഭകരെ പിന്തുണയ്ക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി നീതി ആയോഗ് മന്ത്രാലയത്തിന് കീഴിലുള്ള സമഗ്ര പദ്ധതിയാണ് വനിതാ സംരംഭകത്വ പ്ലാറ്റ്ഫോം (ഡബ്ല്യുഇപി). സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപണി വിപുലീകരിക്കുന്നുമുള്ള അവസരങ്ങൾ പ്രധാനം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**സവിശേഷതകൾ:**

- വനിതാ സംരംഭകരുടെ വൈദഗ്ധ്യവും അറിവും വർധിപ്പിക്കുന്നതിനായി കോഴ്സുകൾ, സെമിനാറുകൾ, ശിൽപശാലകൾ എന്നിവയുൾപ്പെടെ വിപുലമായ പദ്ധതികൾ WEP വാഗ്ദാനം ചെയ്യുന്നു.
- നെറ്റ്‌വർക്കിംഗ് അവസരങ്ങൾ സുഗമമാക്കുന്നതോടൊപ്പം മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി വ്യവസായ വിദഗ്ധരുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.
- വനിതാ സംരംഭങ്ങളെ ഫണ്ടിങ് അവസരങ്ങൾ, ഗ്രാന്റുകൾ, സാമ്പത്തിക സഹായം എന്നിവ കണ്ടെത്താൻ സഹായിക്കുന്നു.
- ബിസിനസ്സ് വിപുലീകരിക്കുന്നതിന് ആഭ്യന്തരവും അന്തർദേശീയവുമായ വിപണികളിലേക്ക് എത്തുന്നതിന് സ്ത്രീകളെ സഹായിക്കുന്നു.
- ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി വനിത സ്റ്റാർട്ടപ്പുകളെ ഇൻകുബേറ്റ് ചെയ്യുന്നതിന് WEP പിന്തുണ നൽകുന്നു.

- ജെൻഡർ ഇൻക്ലൂസിവിറ്റി ഉറപ്പുവരുത്തുന്ന ബിസിനസ് അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് :** https://wep.gov.in/

## 2.9. സ്റ്റാന്റപ്പ് ഇന്ത്യ പദ്ധതി

നിർമ്മാണ, സേവന, വ്യാപാര മേഖലയിൽ പുതിയ പ്രോജക്ടുകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന എസ് സി / എസ്ടി, സ്ത്രീൾക്ക് ബാങ്ക് വായ്പകൾ സുഗമമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**സാമ്പത്തിക പിന്തുണ**

- യോഗ്യമായ കേന്ദ്ര/സംസ്ഥാന സ്കീമുകൾക്ക് അനുബന്ധമായി 25% മാർജിൻ നിരക്കിൽ വായ്പ നൽകാവുന്നതാണ്.
- വായ്പയെടുക്കുന്നവർ പദ്ധതിച്ചെലവിന്റെ 10% എങ്കിലും സ്വന്തമായി നൽകണം.
- ബാങ്കുകൾ തീരുമാനിക്കുന്ന പ്രകാരം കൊളാറ്ററൽ സെക്യൂരിറ്റി അല്ലെങ്കിൽ സ്റ്റാൻഡപ്പ് ഇന്ത്യയ്ക്കായുള്ള ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് സ്കീമിന്റെ ഗ്യാരണ്ടി (CGFSIL) ആവശ്യമായി വന്നേക്കാം.

**യോഗ്യത:**

- എസ് സി / എസ്ടി അല്ലെങ്കിൽ 18 വയസ്സിന് മുകളിലുള്ള വനിതാ സംരംഭകർ.
- ഗ്രീൻഫീൽഡ് പ്രോജക്റ്റുകൾക്ക് മാത്രമായി വായ്പകൾ ലഭ്യമാണ്, ഉൽപ്പാദനം, സേവനം, വ്യാപാര മേഖലകളിലെ ഗുണഭോക്താവിന്റെ ആദ്യ സംരംഭം എന്നിവയ്ക്ക് അർഹതയുണ്ട്.
- വ്യക്തിഗതമല്ലാത്ത സംരംഭങ്ങളുടെ കാര്യത്തിൽ, കുറഞ്ഞത് 51% ഓഹരി എസ്സി/എസ്ടി, വനിതാ സംരംഭകർക്കുള്ളതായിരിക്കണം.
- വായ്പയെടുക്കുന്നവർക്ക് ഏതെങ്കിലും ബാങ്കിലോ ധനകാര്യ സ്ഥാപനത്തിലോ വായ്പാ കുടിശ്ശിക ഉണ്ടാകരുത്.
- ഉൽപാദനം, സേവനം അല്ലെങ്കിൽ ട്രേഡിങ് മേഖലകളിലെ ഗ്രീൻഫീൽഡ് പദ്ധതികൾ.

**കൂടുതൽ വിവരങ്ങൾക്ക്: https://www.standupmitra.in/**

# 3. ബാങ്കിങ് മേഖലയിലെ പദ്ധതികൾ

## 3.1. പഞ്ചാബ് നാഷണൽ ബാങ്കും ധനകാര്യ മന്ത്രാലയവും

### 3.1.1. മഹിളാ ഉദ്യം നിധി യോജന

ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് വനിതാ സംരംഭകർക്ക് വായ്പ (ക്വാസി ഇക്വിറ്റി) സഹായം നൽകുന്ന പദ്ധതിയാണ് മഹിളാ ഉദ്യം നിധി. ചെറുകിട വ്യവസായ വികസന ബാങ്ക് ഓഫ് ഇന്ത്യ (എസ്ഐഡിബിഐ) വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**സാമ്പത്തിക പിന്തുണ**

- 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കാം.
- 10 വർഷത്തിനുള്ളിൽ തിരിച്ചടക്കണം

**യോഗ്യത:**

- വനിതകൾ നേതൃത്വം നൽകുന്ന എംഎസ്എംഇകൾക്കും ചെറുകിട സംരംഭകർക്കും അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക് : https://www.pnbindia.in/schemes-for-women.html**

## 3.2. ദേന ബാങ്ക്

### 3.2.1. ദേന ശക്തി പദ്ധതി

റീട്ടെയിൽ, സേവനം, ഉൽപ്പാദനം, സ്വയം തൊഴിൽ (ഡോക്ടർമാർ, ആർകിടെക്ടുകൾ) എന്നീ മേഖലയിൽ വനിതാ സംരംഭകർക്ക് ദേന ശക്തി സ്കീം വായ്പ നൽകുന്നു.

**സാമ്പത്തിക പിന്തുണ**

- 25% വായ്പ ഇളവ്.
- ലോൺ കാലാവധി - 1 മുതൽ 3 വർഷം
- യുബിഐയുടെ (യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ) എംഎസ്എംഇ ശാഖ വഴി അപേക്ഷിക്കാം.

**യോഗ്യത:**

- ഭൂരിപക്ഷ ഓഹരി (50% ൽ കൂടുതൽ) സ്ത്രീകൾക്കായിരിക്കണം, കൂടാതെ
- സംരംഭകത്വ വികസന പരിപാടിയിൽ പങ്കെടുത്തിരിക്കണം.
- സ്വയം തൊഴിൽ മേഖലകളായ ഡോക്ടർമാർ, ആർകിടെക്ടുകൾ, ചാറ്റേർഡ് അക്കൗണ്ടന്റുകൾ പോലുള്ളവർക്ക് അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക് :** https://aatmnirbharsena.org/blog/dena-shakti-scheme/

## 3.3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

### 3.3.1. സ്ത്രീശക്തി പാക്കേജ്

റീട്ടെയിൽ വ്യാപാരം, ഉൽപ്പാദനം, സേവനങ്ങൾ അല്ലെങ്കിൽ തൊഴിലുകൾ (ഉദാ. ഡോക്ടർമാർ, ബ്യൂട്ടിഷ്യൻമാർ മുതലായവ) എന്നിവയിൽ വനിതാ സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതി.

**സാമ്പത്തിക പിന്തുണ**

- പ്രവർത്തന മൂലധനമായോ ടേം ലോണുകളായോ ലഭിക്കുന്ന വായ്പകൾ.
- 50,000 രൂപ മുതൽ 25 ലക്ഷം രൂപ വരെയാണ് വായ്പ തുക.
- മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ഇളവ് നൽകുന്നു.

**യോഗ്യത**

- സ്ത്രീകൾക്ക് ഭൂരിപക്ഷ ഓഹരി (51% ൽ കൂടുതൽ) ഉണ്ടായിരിക്കണം.
- റീട്ടെയിൽ വ്യാപാരം, മാനുഫാക്ചറിങ് അല്ലെങ്കിൽ സേവനങ്ങൾ എന്നിവയിൽ വനിതാ സംരംഭകർ ഡോക്ടർമാർ, ബ്യൂട്ടീഷ്യൻസ്, ആർക്കിടെക്റ്റുകൾ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ തുടങ്ങിയ വനിതാ പ്രൊഫഷണലുകൾക്കും അർഹതയുണ്ട്.

**കൂടുതൽ വിവരങ്ങൾക്ക് :** https://sbi.co.in/

## 3.4. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

### 3.4.1. സെന്റ് കല്യാണി സ്കീം

സൂക്ഷ്മ, ചെറുകിട ബിസിനസുകൾ ആരംഭിക്കുന്നതിനും
ആധുനികവത്കരിക്കുന്നതിനും വനിതാ സംരംഭകർക്ക് സെന്റ് കല്യാണി പദ്ധതി വായ്പ നൽകുന്നു.

**സാമ്പത്തിക പിന്തുണയും യോഗ്യതയും**

- നിർമ്മാണം (കരകൗശല വസ്തുക്കൾ, ഭക്ഷ്യ സംസ്കരണം), സേവനങ്ങൾ (ഡോക്ടർമാർ, ബ്യൂട്ടി പാർലറുകൾ, ഡേകെയർ), ചെറുകിട ബിസിനസുകൾ (കാന്റീനുകൾ, തയ്യൽ) എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രൊഫഷണലുകൾക്കും സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്കും അർഹതയുണ്ട്.
- സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ വെബ്സൈറ്റ് വഴി അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക് :** https://www.centralbankofindia.co.in/english/cent_kalyani1.aspx

# 4. മറ്റ് പദ്ധതികൾ

## 4.1. സെയിൽസ് ഫോഴ്സ്

### 4.1.1. ഇന്ത്യ റിട്ടേൺ ടു വർക്ക് പദ്ധതി

സെയിൽസ്ഫോഴ്സ് ഇന്ത്യ റിട്ടേൺ ടു വർക്ക് പ്രോഗ്രാം കരിയർ ബ്രേക്ക് എടുത്ത സ്ത്രീകൾക്ക് അവരുടെ പ്രൊഫഷണൽ ജീവിതം പുനരാരംഭിക്കാൻ പ്ലാറ്റ്ഫോം തുറന്ന് നൽകുന്നു. പരസ്പര സഹകരണത്തോടെ പ്രവർത്തിച്ച് വിജയിക്കാൻ കഴിയുന്ന ജോലിസ്ഥലം സൃഷ്ടിക്കുകയാണ് പദ്ധതി ലക്ഷ്യം.

**സാമ്പത്തിക പിന്തുണ / ആനുകൂല്യങ്ങൾ**

- സെയിൽസ്ഫോഴ്സിന്റെ ടെക്നോളജി, സെയിൽസ്, കസ്റ്റമർ സക്സസ് ടീമുകളിൽ ആറുമാസത്തെ തൊഴിൽ പരിശീലനം.
- സ്ത്രീകൾക്ക് സെയിൽസ്ഫോഴ്സ് കരിയർ ആരംഭിക്കാൻ സഹായിക്കുന്നതിനുള്ള വിഭവങ്ങളും മാർഗ്ഗനിർദ്ദേശവും നൽകുന്നു.

**യോഗ്യത**

- കരിയർ ബ്രേക്ക് എടുത്ത് കരിയർ പുനരാരംഭിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് അപേക്ഷിക്കാം.

**കൂടുതൽ വിവരങ്ങൾക്ക് :**

careers.salesforce.com/en/our-locations/asia-pacific/india/salesforce-india-return-to-work-program/

## 4.2. നാസ്കോം ഫൗണ്ടേഷൻ

### 4.2.1. വനിതാ സംരംഭകത്വ പരിപാടി

ഗ്രാമീണ വനിതാ സംരംഭകരെ സാങ്കേതിക, ഡിജിറ്റൽ നൈപുണ്യ പരിശീലനം നൽകുന്നതിന് നാസ്കോം ഫൗണ്ടേഷൻ നടത്തി വരുന്ന പദ്ധതിയാണിത്. അവരുടെ ബിസിനസ്സ് വളർത്തുന്നതിനും ജീവിതം മെച്ചപ്പെടുത്തുന്നതിനും സാങ്കേതികവിദ്യ ഉപയോഗിക്കാൻ സ്ത്രീകളെ ശാക്തീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**ആകർഷണങ്ങൾ**

- സാമ്പത്തിക- സാങ്കേതികവിദ്യ, സർക്കാർ പദ്ധതികൾ, പ്രായോഗിക സാങ്കേതിക വൈദഗ്ധ്യങ്ങൾ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നു.

- ഗ്രാമീണ വനിതാ സംരംഭകരെയാണ് (കൃഷി, കരകൗശലം, ചെറുകിട ബിസിനസുകൾ) പരിശീലിപ്പിക്കുക.

**കൂടുതൽ വിവരങ്ങൾക്ക് :** www.nasscomfoundation.org/women-entrepreneurship

## 4.3. ടൈ (TiE)

### 4.3.1. ടൈ വുമൺ പ്രോഗ്രാം

വനിതാ സ്ഥാപകർക്ക് ആഗോളതലത്തിൽ അവരുടെ ബിസിനസ്സ് ആശയങ്ങൾ പ്രദർശിപ്പിക്കാൻ കഴിയുന്ന പദ്ധതിയാണ് ടൈ വുമൺ പ്രോഗ്രാം.

**സാമ്പത്തിക പിന്തുണ**

- ബിസിനസ്സ് ആശയങ്ങൾ അവതരിപ്പിക്കുന്നതിന് വനിതാ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നു.
- ഫണ്ട് സ്വരൂപിക്കുന്നതിന് സ്റ്റാർട്ടപ്പുകളെ പിന്തുണക്കുന്നു.

**യോഗ്യത**

- നൂതന ആശയങ്ങളുള്ള വനിതാ സംരംഭകർക്ക് അപേക്ഷിക്കാം.
- സ്റ്റാർട്ടപ്പ് രജിസ്റ്റർ ചെയത് ഏഴ് വർഷത്തിൽ കൂടുതൽ ആകരുത്.
- സ്റ്റാർട്ടപ്പ് നിക്ഷേപം സ്വരൂപിക്കുന്ന ഘട്ടത്തിലുള്ളതായിരിക്കണം.

**കൂടുതൽ വിവരങ്ങൾക്ക് :** https://tiewomen.pitchday.pro/event/178

### 4.3.2. മെന്റർ ഇൻസ്റ്റിറ്റ്യൂട്ട്

ടൈ കേരളയുടെ ഈ പദ്ധതി പ്രകാരം വനിതാ സംരംഭകർക്ക് വിദഗ്ധരുടെ മാർഗനിർദേശം സ്വീകരിക്കാം.

**പിന്തുണ**

- വിപണി വിപുലീകരണത്തിന് വിദഗ്ധരുടെ മാർഗ നിർദേശം തേടാം.

**യോഗ്യത**

- വനിത സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് അപേക്ഷിക്കാം

**അപേക്ഷിക്കുന്നതിന് :** https://forms.gle/NTbc1mU2VcbeTh5y8

### 4.3.3. വനിതാ സംരംഭകത്വം

സംരംഭകത്വ മേഖലയെ കുറിച്ചുള്ള ശില്പശാലകൾ വഴി പരിശീലനം നൽകി പ്രൊഫഷണലുകളും വിദ്യാസമ്പന്നരുമായ തൊഴിൽരഹിതരായ സ്ത്രീകളെ സംരംഭകത്വം / സ്വയംതൊഴിൽ എന്നീ മേഖലകളിൽ വഴികാട്ടിയാകുന്നു. വനിതാ സംരംഭകർ ബിസിനസ് മേഖലയിലെ വിജയാനുഭവങ്ങൾ പങ്കുവെക്കും.

**ആകർഷണങ്ങൾ**

- സംരംഭകത്വം, സ്വയംതൊഴിൽ, ശാക്തീകരണം എന്നിവയെക്കുറിച്ച് അവബോധം നൽകുന്നു.
- സംരംഭകത്വ ആശയങ്ങളും പ്രചോദനാത്മക അനുഭവങ്ങളും പങ്കുവെക്കും.

**യോഗ്യത**

- സംരംഭകത്വവും സ്വയം തൊഴിലും തേടുന്ന വിദ്യാസമ്പന്നരായ തൊഴിൽരഹിതരായ സ്ത്രീകൾ.
- പദ്ധതി വഴി സംരംഭം തുടങ്ങിയ വനിതകൾ

**കൂടുതൽ വിവരങ്ങൾക്ക് :** **kerala.tie.org/programs/**

## 4.4. വുമൺ എൻട്രപ്രണർ നെറ്റ്‌വർക്ക് (WEN)

നെറ്റ്‌വർക്കിംഗ്, സഹകരണം, പരിശീലനം, മാർഗനിർദേശം എന്നിവയിലൂടെ വനിതാ സംരംഭകരെ ശാക്തീകരിക്കുന്നതിനുള്ള സ്ത്രീകളുടെ കൂട്ടായ്മയാണ് വുമൻ എൻട്രപ്രണർ നെറ്റ്‌വർക്ക് (WEN). വിവിധ പരിപാടികളിലൂടെ അംഗങ്ങളുടെ സംരംഭകത്വ പരിശീലനവും നൈപുണ്യ വികസനവും വർദ്ധിപ്പിക്കുന്നതിൽ WEN ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**സാമ്പത്തിക സഹായം**

- കോർപ്പറേറ്റ് മറ്റ് പൊതു- സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ നടത്തുന്നു.
- സംരംഭത്തിന്റെ വിവിധ മേഖലകളിൽ നെറ്റ് വർക്കിങ് അവസരം നൽകുന്നു.

**യോഗ്യത**

- വനിതാ സംരംഭകർ.
- സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതകൾ.

**കൂടുതൽ വിവരങ്ങൾക്ക് :** www.wenindia.org

കേരളത്തിന്റെ 14 ജില്ലകളിൽ വിവിധ സെക്ടറുകളിലായി 6200ലധികം സ്റ്റാർട്ടപ്പുകൾ. നിർമ്മിത ബുദ്ധി, ഹാർഡ് വെയർ, ഹെൽത്ത് കെയർ, ഫിൻടെക്, ബയോടെക്നോളജി എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളാൽ സമ്പന്നം.

## നിങ്ങളുടെ അഭിപ്രായം ഏറെ വിലപ്പെട്ടതാണ്..

അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കാൻ സന്ദർശിക്കുക.



Info@Startupmission.In

www.fb.com/keralastartupmission

www.linkedin.com/company/kerala-startup-mission

@startup_mission

@keralastartupmission

സ്കാൻ ചെയ്യൂ

കേരള സ്റ്റാർട്ടപ്പ് മിഷൻ വെബ് സൈറ്റ്